
ERNAKULAM-ANGAMALY ARCHDIOCESAN BULLETIN

# എറണാകുളം മിസ്സം



Vol. LXXXII
No.: 11
November 2012



www.ernakulamarchdiocese.org



സീറോ മലങ്കരസഭയുടെ പ്രഥമ

**കർദ്ദിനാൾ**

**ബസേലിയോസ് മാർ ക്ലീമീസ് പിതാവിന്**

എറണാകുളം-അങ്കമാലി അതിരൂപതയുടെ

അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും!

ERNAKULAM-ANGAMALY ARCHDIOCESAN BULLETIN
എറണാകുളം മിസ്സം

EDITOR: Rev. Dr. Varghese Pottackal

Reg. No. KL/EKM/477/2012-2014 **November 2012 | Vol. 82 | No. 11**

# വിഷയസൂചിക


1. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ .................................... 510
2. വിശ്വാസവർഷ ചിന്തകൾ (2) ................................................ 511
3. വിശ്വാസ സംരക്ഷണ പഠനരേഖ (2) .................................. 514
4. മാധ്യമദിന സന്ദേശം-2012 ...................................................... 519
5. Engagements ............................................................................ 525
6. വാർത്തകളും വിശേഷങ്ങളും ............................................. 527
7. കച്ചേരിക്കാര്യം .......................................................................... 529
8. ഫാ. വർഗ്ഗീസ് പയ്യപ്പിള്ളി ............................................................ 533
9. മതബോധന ഡിപ്പാർട്ടുമെന്റ് ............................................... 538
10. ബൈബിൾ അപ്പോസ്റ്റോലേറ്റ് ................................................. 540
11. ഫാമിലി അപ്പസ്തോലേറ്റ് ...................................................... 542
12. സോഷ്യൽ സർവ്വീസസ് .......................................................... 543
13. ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റ് .............................. 546
14. ചിറ്റൂർ ധ്യാനകേന്ദ്രം ................................................................ 546
15. സമന്വയ ..................................................................................... 548
16. കെ.സി.വൈ.എം. ........................................................................ 549
17. മദ്യവിരുദ്ധസമിതി ...................................................................... 550
18. Vocation Promotion ................................................................... 551
19. നിര്യാതരായി ............................................................................... 552
20. അതിരൂപത ഡയറി ..................................................................... 559


OFFICE

Archdiocesan Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala
INDIA. Tel: 0484-2352629, 2352906

WEBSITE & E-MAIL
www.ernakulamarchdiocese.org
curia@ernakulamarchdiocese.org
curiaekm@hotmail.com

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

നമ്മുടെ അതിരൂപതയിൽ സേവനം ചെയ്തശേഷം മരണം മൂലം വേർപിരിഞ്ഞ ബഹു. വൈദികരെ നമ്മുടെ അനുദിന പ്രാർത്ഥനകളിലും ദിവ്യബലിയിലും ഓർത്ത് പ്രാർത്ഥിക്കാം.

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| *Msgr. Panjikaren Joseph, Uzhuva* | *1888* | *1918* | *04.11.1949* |
| Fr. Chathaparambil Antony, Kunnumpuram | 1920 | 1955 | 04.11.2010 |
| Fr. Payyappilly Mathai, Konthuruthy | 1883 | 1909 | 06.11.1939 |
| Fr. George Kuzhiparambil | 1937 | 1964 | 08.11.2007 |
| Fr. Paravara Peter, Thripoonithura | 1909 | 1936 | 10.11.1983 |
| Fr. Annassery George, Vaikom | 1913 | 1940 | 11.11.2003 |
| Fr. Cholenkary Gheevarghese, Vadayar | 1902 | 1933 | 11.11.1942 |
| Fr. Vithayathil Joseph (P), Puthenpally | 1904 | 1933 | 12.11.1991 |
| Fr. Koluvan Payyappilly George, Thuravoor | 1884 | 1913 | 13.11.1966 |
| Fr. Puthussery Paulose, Puthenpally | 1851 | 1875 | 14.11.1930 |
| Fr. Manavalan Paulose, Kuthiathode (E) | 1859 | 1889 | 14.11.1939 |
| Fr. Nalpat Sebastian, Koratty | 1909 | 1935 | 14.11.1985 |
| Fr. Payyappilly John, Akaparambu | 1916 | 1943 | 14.11.1992 |
| Fr. Menachery Joseph, Narakal | 1857 | 1887 | 15.11.1943 |
| Fr. Kallarackal Paulose, Vallom | --- | --- | 16.11.1867 |
| Fr. Paul Chakiath, Karukutty | 1929 | 1955 | 18.11.2005 |
| Fr. Puduchery Antony, Edad | 1922 | 1945 | 22.11.1977 |
| Fr. Panjikaran Kuruvilla, Muttom | 1900 | 1928 | 22.11.1978 |
| Fr. Thaliath V. Thomas, Puthenpally | 1890 | 1918 | 25.11.1945 |
| Fr. Chakiath Stanislaus, Thundathumkadavu | --- | --- | 25.11.1925 |
| Fr. Valamangalam Joseph, Kothavara | 1903 | 1932 | 26.11.1963 |
| Fr. Eravimangalam Alexander, Thaikkattussery | 1925 | 1952 | 27.11.2008 |
| *Msgr. Karedan Abraham, Muringoor* | *1929* | *1956* | *28.11.2004* |

# നിതാന്തവസന്തത്തിലേക്ക്

നമ്മുടെ ഇടവകസമൂഹങ്ങൾ 'നരയ്ക്കുന്നു' എന്നുള്ള പരാമർശം പല കോണുകളിൽ നിന്നായി നാം കേൾക്കാറുണ്ട്. ഇടവകകയിൽ വസന്തം വിരിയിക്കേണ്ട യുവജനങ്ങൾ പല കാരണങ്ങൾകൊണ്ട് ഇടവകയുടെ പ്രവർത്തനങ്ങളുടെ മുഖ്യധാരയിൽ ഇന്നില്ല എന്നുള്ള സത്യം ആരെങ്കിലും നിരസിക്കുമോ എന്ന് സംശയമുണ്ട്. സഭാനേതൃത്വം ഇതിനെക്കുറിച്ച് ആശങ്കപ്പെടുന്നുണ്ടോയെന്ന് ചോദിക്കുന്നവർ അനവധിയാണ്. നാളത്തെ സഭ ഇന്നത്തേപ്പോലെ ജീവസ്സുറ്റതാകുമോ എന്ന് വേവലാതിപ്പെടുന്നവർ ഇന്ന് ധാരാളമാണ്. സഭയിൽനിന്ന് വിട്ടുപോയവരെ തിരിച്ചുകൊണ്ടുവരുവാൻ പ്രദർശിപ്പിക്കുന്ന ശുഷ്കാന്തിയെങ്കിലും എന്തുകൊണ്ട് യുവജനങ്ങളെ സഭയുടെ കേന്ദ്രഭാഗത്ത് ഉറപ്പിച്ചുനിറുത്തുവാൻ സഭയും അതിന്റെ ചട്ടക്കൂടുകളും കാണിക്കുന്നില്ല എന്ന് ഉറക്കെ പറയുന്ന യുവജനങ്ങൾ ഇന്ന് സഭയിൽ ഏറിവരുന്നു. വിശ്വാസവർഷം ആത്മശോധനയുടെ സമയം കൂടിയാണ്.

ക്രൂശിതിനായ ക്രിസ്തു തന്റെ യുവത്വത്തിൽ ജീവൻ ത്യജിച്ച ദൈവപുത്രനാണെന്ന സത്യം സഭാസമൂഹം എന്നും ഓർക്കേണ്ട കാര്യമാണ്. ആദിമസഭ മുതൽ, സഭയുടെ മുഖം യുവാവായിരുന്ന യേശുവിന്റെ മുഖമാണ്. പ്രായമാകുന്തോറും യഥാസ്ഥിതിക മനോഭാവങ്ങളിലേക്കും ചിന്തകളിലേക്കും സമീപനങ്ങളിലേക്കും മടങ്ങുന്ന മനുഷ്യ പ്രകൃതിയിൽ വലിയൊരു വ്യത്യാസം പ്രകടിപ്പിച്ചുകൊണ്ട് "യുവത്വം" സഭയ്ക്ക് ജീവസുറ്റതാർന്നതും, ക്രിയാത്മകമായതും വിപ്ലവാത്മകവുമായ ഒരു മുഖം എന്നും പകർന്ന് നൽകിയിരുന്നു. അത് കേരളസഭയ്ക്ക് സാവധാനം നഷ്ടപ്പെടുന്നു എന്ന് തിരിച്ചറിയുന്നിടത്തുനിന്നാണ് പ്രശ്നത്തിന്റെ ഗൗരവം നമ്മൾ മനസ്സിലാക്കുന്നത്.

ഇന്നത്തെ അവസ്ഥയെ സാധൂകരിക്കുവാൻ പലതരത്തിലുള്ള അഭിപ്രായങ്ങളും നിരത്തുവാൻ നമുക്ക് സാധിച്ചേക്കും: യുവജനങ്ങൾ പഠിക്കാൻ പുറത്തേക്കു പോകുന്നു; സഭാകാര്യങ്ങളിൽ അവർക്ക് വലിയ താൽപര്യമില്ല; ഒരു ജോലി ലഭിക്കുക എന്നതാണ് അവരുടെ ലക്ഷ്യം; സഭയുടെ കാര്യങ്ങളിൽ ഇടപെടുക എന്നുള്ളതല്ല, ആഴമായ വിശ്വാസം അവർക്കില്ല; കുടുംബങ്ങൾ പഴയതുപോലെ നല്ല യുവജനങ്ങളെ സഭയ്ക്ക് നൽകുന്നില്ല. ഈ നിരീക്ഷണങ്ങളി

ലെല്ലാം കഴമ്പുണ്ട്. എങ്കിൽതന്നെ നാം ഇന്ന് അഭിമുഖീകരിക്കുന്ന അവസ്ഥയെ പരിഹരിക്കാൻ അവ പ്രയോജനപ്രദമാണോ?

ഓരോ വ്യക്തിയും സമൂഹവും എന്നും അന്വേഷിക്കുക താൻ ഉൾപ്പെട്ടിരിക്കുന്ന വിശ്വാസമുന്നേറ്റത്തിൽ തനിക്ക് ഇടമുണ്ടോ എന്നുള്ളതാണ്. നിർഭാഗ്യവശാൽ കഴിഞ്ഞ കുറേ കാലഘട്ടങ്ങളിലായി നമ്മുടെ യുവജനങ്ങൾ സഭയിൽ തങ്ങൾക്കുള്ള ഇടം കാര്യമായി കണ്ടെത്താതെ നിരാശരായി മാറി നിൽക്കുന്ന വരാണ്. ഒറ്റപ്പെട്ട അനുഭവം കാര്യമായി അവരെ പിടികൂടുന്നുണ്ട്. 'നിങ്ങൾ നാളത്തെ പ്രഭാതമാണ്' എന്നു പറയുമ്പോഴും, ഇത് പറയുന്നവരുടെ ആത്മാർത്ഥത യുവജനങ്ങൾ ചോദ്യം ചെയ്യുന്നു. വിശ്വാസവർഷം നമ്മുടെ യുവ ജനങ്ങളെ സഭയിലേക്ക് തിരികെകൊണ്ടുവരുവാനും അവരോടൊത്തുചേർന്ന് അവർക്കുള്ള ഇടം കണ്ടെത്തുവാനുമുള്ള ജീവദായകമായ സമയമായി നമുക്ക് മാറ്റണം.

ശനിയാഴ്ച്ച വൈകുന്നേരങ്ങളിൽ യുവജനങ്ങൾക്കുവേണ്ടിയുള്ള ബലിയർപ്പി ച്ച്, അവരോടൊത്ത് കുറച്ചു സമയം ചെലവഴിച്ച്, ആഹാരം പങ്കുവെച്ച്, അവർക്ക് പറയുവാനുള്ളത് കേൾക്കുവാൻ അവസരമുണ്ടാക്കുന്ന ചില ഇടവ കസമൂഹങ്ങൾ അത്ഭുതാവഹമായ വ്യതിയാനങ്ങൾ യുവജനങ്ങളിൽ വരുത്തു ന്നു. അവർക്കുള്ള ഇടം സൃഷ്ടിക്കുന്നതിൽ ക്രിയാത്മകമായ ഒരു ചുവടുവ യ്പാണത്.

മറ്റു ചില ഇടവകകൾ യുവജനങ്ങൾക്കുള്ള ഇടം സൃഷ്ടിക്കുന്നത് പ്രബോധ നാത്മകമായ രീതിയിലാണ്. മാസത്തിൽ ഒരു ദിവസം വൈകുന്നേരം അവരെ വിളിച്ചുകൂട്ടുകയും അവരുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് അറിവും കഴിവുമുള്ളവർ നല്ല ചർച്ചകളിലേക്ക് അവരെ നയിക്കുകയും ചെയ്യു ന്നു. അത്താഴത്തോടെ പിരിയുന്ന ഈ കൂട്ടായ്മകൾ വഴിയായി ജീവിത ഗന്ധിയായ പല വിഷയങ്ങളെക്കുറിച്ച് അറിയാനും അറിയിക്കാനും അവർക്ക് അവസരം ലഭിക്കുന്നു. ബൗദ്ധികമായും, വൈകാരികമായും വളരുകയും സഭ യുടെ മാറോട് ചേർന്ന് നിൽക്കുവാൻ അവസരം നല്കുകയും ചെയ്യുന്നു, ഈ കൂട്ടായ്മകൾ.

തങ്ങളുടെ ഇടവക സമൂഹത്തിൽപ്പെട്ട എല്ലാ യുവജനങ്ങളെയും സംഘടിപ്പി ച്ച്, ധ്യാനകേന്ദ്രത്തിൽ ഒരുമിച്ചായിരുന്ന് ഒരാഴ്ചയോളം പ്രാർത്ഥിച്ച്, ആദ്ധ്യാത്മിക ബന്ധത്തിന് പുതിയ മുഖങ്ങൾ സ്ഥാപിച്ചെടുക്കുന്ന ഇടവകവൈദികരും പ്രതീ

ക്ഷയുണർത്തുന്ന ഒരു യാഥാർത്ഥ്യമാണ്. സഭയെന്നാൽ ഒരു സാമൂഹ്യ ഏജൻസിയല്ലെന്നും, ക്രിസ്തു കേന്ദ്രീകൃതമായ ഒരു വ്യക്തി ബന്ധമാണെന്നും, സഭയുടെ ഉത്തരവാദിത്വം ഈ ബന്ധം സ്ഥാപിക്കുന്നതിൽ യുവജനങ്ങളെ സഹായിക്കുകയാണെന്നും ഇവർ നമ്മളെ ഓർമിപ്പിക്കുന്നു.

സഭയുടെ മുഖ്യധാരയിലേക്ക് അവരെ കൊണ്ടുവരുവാനുള്ള മറ്റൊരുമാർഗ്ഗം ഇടവകയിലെ പ്രതിനിധിയോഗത്തിൽ 20% എങ്കിലും യുവജനങ്ങൾക്ക് പ്രാതിനിധ്യം കൊടുക്കുക എന്നുള്ളതാണ്. ഇടവകയുടെ ദിശാബോധത്തിൽ അവരും പങ്കാളികളാകുന്നു. ഇടവകയുടെ തീരുമാനങ്ങളിൽ അവരും ഭാഗഭാക്കാകുന്നു. അവരും ഇടവകയുടെ പ്രവർത്തനങ്ങളിൽ "കാണപ്പെടുന്നവരായി" മാറുന്നു.

യാക്കോബ് ശ്ലീഹയുടെ ഉപദേശം ഉൾക്കൊണ്ടുകൊണ്ട്, ക്രിയാത്മകമായ പരോപകാര പ്രവർത്തനങ്ങളിൽ ഉൾപ്പെടാൻ അവരോട് ഇടവക ആഹ്വാനം ചെയ്യണം. വിശ്വാസം ജീവസ്സുറ്റതാകണം. വിശക്കുന്നവർക്ക് ആഹാരം എത്തിക്കുവാൻ, പഴയ ഭവനങ്ങൾ പുതുക്കി കൊടുക്കുവാൻ, നീതി അന്വേഷിക്കുന്നവർക്കുവേണ്ടി വക്കാലത്താകുവാൻ, മദ്യപാനാസക്തിയുടെ പിടിയിലുള്ളവർക്ക്, മോചനത്തിന്റെ സുവിശേഷമാകുവാൻ അവർക്ക് പ്രോത്സാഹനം ആവശ്യമുണ്ട്. ഇടവകയിലേക്കും അതിന്റെ വിവിധോന്മുഖമായ പ്രവർത്തനങ്ങളിലേക്കും ക്ഷണിക്കപ്പെടാൻ അവർ കാത്തിരിക്കുന്നു.

വൈദികരുടെ മാസധ്യാനവും, ഇടവക പ്രതിനിധിയോഗത്തിന്റെ ഒത്തുചേരലും, കുടുംബകൂട്ടായ്മകളും ഈ വിഷയം വളരെ ഗൗരവത്തോടെ ചർച്ച ചെയ്യണം. യുവജനം ഉണർന്നാൽ സഭയുണരും, നാടുണരും. സഭ സ്വപ്നം കാണുന്ന പലതും നടപ്പിലാക്കാൻ അവർക്ക് ഊർജ്ജസ്വലതയുണ്ട്, കരുത്തുണ്ട്, ആർജ്ജവത്വമുണ്ട്. അവർക്കൊരിടം നാം കുടുംബകൂട്ടായ്മകളിലും, ഇടവകകളിലും, അതിരൂപതയിലും കണ്ടെത്തണം.

സഭയുടെ ഏറ്റവും ആകർഷമായ മുഖം ഇടവകയാണല്ലോ. ഇടവകയുടെ നിതാന്തവസന്തമാകുവാൻ യുവജനങ്ങൾക്കായി വാതിലുകൾ നമുക്ക് മലർക്കെ തുറന്നിട്ടാലോ...?

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
പ്രോട്ടോ സിഞ്ചെല്ലൂസ്

# വിശ്വാസ മേഖലയിൽ പുതുതായി രൂപംകൊള്ളുന്ന വ്യതിചലനങ്ങളെക്കുറിച്ച്

## സെക്ടുകളുടെ സവിശേഷതകൾ

4. സെക്ടുകൾ വിശ്വാസത്തിലും ആചാരത്തിലും വ്യത്യസ്തരാണെങ്കിലും ചില പൊതുസ്വഭാവങ്ങൾ അവയിൽ ദർശിക്കാനാകും.

**(i)** ലിഖിതവചനമായ ബൈബിളിന്റെ അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനവും അലിഖിത വെളിപാടായ വിശുദ്ധ പാരമ്പര്യങ്ങളോടുള്ള സന്ധിയില്ലാത്ത എതിർപ്പും സെക്ടുകളുടെ പൊതുസ്വഭാവമാണ്. ബൈബിളിലെ ചില വിവരണങ്ങളെ മാത്രം സാഹചര്യത്തിൽ നിന്നും അതിന്റെ പ്രതീകാത്മക അർത്ഥത്തിൽ നിന്നും അടർത്തിയെടുത്ത് നിക്ഷിപ്ത താൽപര്യത്തോടെ വ്യാഖ്യാനിക്കുക എന്നത് സെക്ടുകളുടെ തനതു സ്വഭാവമാണ്. പൂർവ്വപിതാക്കന്മാരുടെ വംശാവലിയിലെ പ്രായം കണക്കുകൂട്ടി ഭൂമിയുടെ പഴക്കം നിശ്ചയിക്കുക, വെളിപാടു പുസ്തകത്തിലെ പ്രതീകങ്ങളെ വ്യാഖ്യാനിച്ച് ലോകാവസാനത്തിന്റെ കൃത്യതിയതി പ്രവചിക്കുക, ലേവ്യരുടെ ശുദ്ധാശുദ്ധിയുടെ നിയമങ്ങൾ മാത്രം അടിസ്ഥാനമാക്കിയുള്ള സാമൂഹ്യജീവിതക്രമം നിർദ്ദേശിക്കുക തുടങ്ങിയ അനേകം വ്യാഖ്യാനവൈരുദ്ധ്യങ്ങൾ സെക്ടുകളുടെയിടയിൽ സാധാരണമാണ്. തങ്ങളുടെ താൽപര്യങ്ങൾക്കു വിരുദ്ധമായ വചനഭാഗങ്ങളെ തിരസ്കരിക്കാനാണ് പൊതുവെ ഇക്കൂട്ടർ താൽപര്യപ്പെടുന്നത്. ബൈബിൾ വ്യാഖ്യാനത്തിലെ നവീന തത്വങ്ങളെയും ദൈവശാസ്ത്ര ചിന്താധാരകളെയും ഇവർ സമ്പൂർണ്ണമായി നിഷേധിക്കുന്നു.

**(ii)** തങ്ങളുടെ വരുതിയിലായ വ്യക്തികളെ സാമൂഹിക സമ്പർക്കത്തിൽനിന്നും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റിനിർത്താൻ ബോധപൂർവ്വം ശ്രമിക്കുന്നു. വിശേഷിച്ചും മാതൃസഭയിലെ അംഗങ്ങളുമായുള്ള ബന്ധം ഒഴിവാക്കാനും അവരുമായി സമ്പർക്കത്തിനുള്ള സകല സാധ്യതകളും അടച്ചുകളയാനും സെക്ടുകളുടെ നേതൃത്വം ബോധപൂർവ്വം പരിശ്രമിക്കുന്നു. ഉദാഹരണമായി, എമ്മാനുവേൽ എംപറർ ട്രസ്റ്റിന്റെ ധ്യാനത്തിൽ പങ്കെടുക്കുന്നവരെക്കൊണ്ട് കത്തോലിക്കാസഭയുമായുള്ള ബന്ധം വിച്ഛേദിച്ചതിന്റെ

സാക്ഷ്യപത്രം ഒപ്പിട്ടു മേടിക്കുകയും അതിന്റെ ഓരോ കോപ്പി ബന്ധപ്പെട്ട രൂപതാധ്യക്ഷന് അയച്ചുകൊടുക്കുകയും ചെയ്തു വരുന്നു. പലരൂപത കളിലും വ്യക്തികളുടെ സാക്ഷ്യപത്രങ്ങൾ ഒരേ വാചകത്തിലും രൂപ ത്തിലും ലഭിച്ചിട്ടുണ്ട്. അണികൾക്ക് മാതൃസഭയുമായി ബന്ധപ്പെടാനുള്ള സകല പഴുതുകളും അടയ്ക്കുക എന്ന നേതൃത്വത്തിന്റെ ചാണക്യബു ദ്ധിയാണ് ഈ സാക്ഷ്യപത്രത്തിലൂടെ വെളിപ്പെടുന്നത്. സാമൂഹ്യബന്ധ ങ്ങൾ ഒഴിവാക്കുന്നതിനായി പാട്ട്, ഡാൻസ്, സിനിമ, സ്പോർട്സ് തുട ങ്ങിയവയെല്ലാം പാപമാണെന്ന് ഇക്കൂട്ടർ പ്രചരിപ്പിക്കുന്നു. ആഭരണങ്ങൾ പരിത്യജിച്ച് അവ വിറ്റ തുക സമർപ്പിക്കാനും രോഗം വന്നാൽ ചികിത്സി ക്കാതിരിക്കാനും ഉപദേശം നൽകുന്ന ഗ്രൂപ്പുകളുണ്ടല്ലോ. തങ്ങളുടെ വിശ്വാസസംഹിത അംഗീകരിക്കാത്ത കുടുംബാംഗങ്ങളെപ്പോലും ശത്രു തയോടെ വീക്ഷിക്കാൻ ഇവർ പ്രേരണ നൽകുന്നു.

**(iii)** സഭാനേതൃത്വത്തെ അടച്ചാക്ഷേപിക്കുകയും ദൈവമല്ലാതെ മറ്റൊരു നേതാവില്ല എന്ന പ്രബോധനം നൽകുകയും ചെയ്യുന്നവരാണിവർ. എന്നാൽ, വ്യവസ്ഥാപിത സഭാനേതൃത്വത്തെ എതിർക്കാൻ പഠിപ്പിക്കുന്ന സെക്ടുകളുടെ നേതാവ് പലപ്പോഴും അണികളുമേൽ സർവ്വാധിപത്യം പുലർത്തുന്നു എന്നതാണ് വൈരുദ്ധ്യം. ചോദ്യംചെയ്യപ്പെടാത്ത അനു സരണമാണ് ഈ നേതാക്കന്മാർ തങ്ങളുടെ അനുയായികളിൽ നിന്ന് ആവശ്യപ്പെടുന്നത്. സമ്പത്ത് എന്തുചെയ്യണം, ഏതു ബിസിനസ്സ് തുട ങ്ങണം, ആരെ വിവാഹം കഴിക്കണം, എപ്പോൾ വിവാഹം കഴിക്കണം, എവിടെ എപ്പോൾ വീടു പണിയണം തുടങ്ങിയ സകലകാര്യങ്ങളിലും നിർബന്ധിത കൽപനകൾ നൽകുന്നതിൽ സെക്ടുകളുടെ നേതാക്കന്മാർ അതീവ തല്പരരാണ്. ദൈവഹിതം നേരിട്ട് അറിയാൻ കഴിവുള്ള തങ്ങ ളുടെ നിർദ്ദേശങ്ങൾ ദൈവകൽപനകളായി അനുസരിക്കണമെന്നതാണ് ഇവരുടെ നിലപാട്. അനുയായികളുടെ സമ്പത്തിൽ നല്ലൊരു പങ്ക് ദശാംശം എന്ന പേരിൽ നേതൃത്വം കൈക്കലാക്കുകയും ചെയ്യുന്നു. നേതാവിന്റെ പ്രബോധനങ്ങളും നിർദ്ദേശങ്ങളും നിരസിക്കുന്നവർക്ക് പല വിധ സമ്മർദ്ദങ്ങളും ഭീഷണികളും നേരിടേണ്ടിവരുന്നു. മുഖ്യധാരാസഭ കളിലെ വൈദികനേതൃത്വത്തെ ആക്ഷേപിച്ചുകൊണ്ട് ആരംഭിക്കുന്ന സെക്ടുകൾ നേതാവിന്റെ ഏകാധിപത്യത്തിൽ ഞെരിഞ്ഞമരുന്നു എന്ന താണ് സങ്കടകരമായ സത്യം.

**(iv)** തങ്ങളുടെ പ്രബോധനങ്ങളോട് ഒത്തുപോകാത്ത സകല പ്രബോധ നങ്ങളെയും ഇവർ പിശാചിന്റെ പ്രബോധനങ്ങളായാണ് അവതരിപ്പി ക്കുന്നത്. തങ്ങൾ മാത്രം ശരിയും മറ്റെല്ലാവരും തെറ്റും എന്നതാണ് ഇവ

രുടെ നയം. തങ്ങളുടെ പ്രബോധനം സ്വീകരിക്കാത്ത സകലരും നശിക്കും എന്നതാണ് ഇവരുടെ നിലപാട്. ഉദാഹരണമായി, എംപറർ എമ്മാനുവൽ ട്രസ്റ്റിന്റെ പേടകത്തിൽ പ്രവേശിച്ച് ധ്യാനം കൂടുന്ന ആദ്യത്തെ 1,44,000 പേർ മാത്രമേ രക്ഷപ്രാപിക്കുകയുള്ളൂ എന്ന് അവർ അവകാശപ്പെടുന്നു. 'സ്പിരിറ്റ് ഇൻ ജീസസ്' പ്രസ്ഥാനവും ഇതിനുസമാനമായ പ്രബോധനമാണ് നടത്തുന്നത്. തങ്ങളുടെ കൂട്ടായ്മയിൽ പങ്കെടുത്ത് പ്രാർത്ഥിക്കാത്ത സകലരും നാശത്തിന്റെ പാതയിലാണെന്ന് ഇവർ വാദിക്കുന്നു. അണികളുടെ വിവേകത്തെയും വിവേചന ശക്തിയെയും നിഷേധിക്കുന്ന ഇത്തരം അവകാശവാദങ്ങളിലൂടെ സ്വയംകൃത പ്രബോധനങ്ങളെ ദൈവിക അരുളപ്പാടുകളായി അവതരിപ്പിക്കാൻ ഇക്കൂട്ടർക്കു കഴിയുന്നു. മുഖ്യധാരാസഭകളുടെ പ്രബോധനങ്ങളെല്ലാം പൈശാചികമോ മാനുഷികമോ ആയ പ്രബോധനങ്ങളാണെന്നും അപ്പസ്തോലന്മാരുടെ കാലശേഷം നഷ്ടപ്പെട്ടുപോയ സത്യം 'വീണ്ടും കണ്ടെത്തിയ' അഭിനവ മിശിഹാമാരാണ് തങ്ങളെന്നും ഇക്കൂട്ടർ അവകാശപ്പെടുന്നു.അപ്പസ്തോലിക കാലത്തുനിന്നും അഭിനവ കാലത്തേക്കുള്ള ചാട്ടത്തിൽ സഭയുടെ സകല പാരമ്പര്യങ്ങളെയും ഇവർ പാപമായി പരിഗണിക്കുന്നു. അപ്പസ്തോലിക കാലം വീണ്ടും തുടരുന്നത് തങ്ങളിലൂടെയാണ് എന്നതാണ് ഇവരുടെ അവകാശവാദം.

**(v)** മനുഷ്യപ്രകൃതിയുമായി ബന്ധപ്പെട്ട സകലതിനെയും പാപമായി ചിത്രീകരിക്കുന്ന പ്രവണത സെക്ടുകളുടെ പൊതു സ്വഭാവമാണ്. മനുഷ്യൻ എന്നത് സമ്പൂർണ്ണ പാപമാണെന്നും അവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഏതാനും പേർ മാത്രമേ രക്ഷപ്പെടുകയുള്ളൂ എന്നും ഇവർ വാദിക്കുന്നു. മാനുഷികതയെ പാപമായി പരിഗണിക്കുന്നതിനാൽ മാനുഷികതയുടെ ഭാഗമായ ലൈംഗികതയുമായി ബന്ധപ്പെട്ട് ഒട്ടനവധി അബദ്ധ ധാരണകൾ ഇവർ പ്രചരിപ്പിക്കുന്നു. ലൈംഗീക പാപങ്ങളെ മാത്രം അതിഭീകരമായി ചിത്രീകരിക്കുക എന്നത് ഇവരുടെ സവിശേഷതയാണ്. തങ്ങൾക്ക് ഹിതകരമല്ലാത്ത സകലതിലും ലൈംഗീകതയുടെ പാപം ആരോപിക്കാൻ ഇവർക്കു പ്രയാസമില്ല. നിലവിളക്കിൽ ലിംഗ-യോനി സംഗമവും എണ്ണത്തിരിയിൽ കത്തുന്ന കാമഭാവങ്ങളും വായിച്ചെടുക്കാൻ ഇവർക്കു കഴിയുന്നു. ആന്തൂറിയം പുഷ്പത്തെ അശ്ലീലമായി കരുതുന്ന ഇവർ ചെമ്പരത്തിപ്പൂവിൽ ലൈംഗികാവയവത്തിന്റെ പ്രതിഛായ കണ്ടെത്തുന്നു. പുരയുടെ മൂലയോടിന് താങ്ങായി 'ഓടുതാങ്ങി' ഉപയോഗിക്കുന്നത് പാപമാണെന്നു പഠിപ്പിച്ച വ്യക്തി അതിന്റെ കാരണം വിശദീകരിച്ചതിങ്ങനെയാണ്. ഓടുതാങ്ങിയുടെ അറ്റം പാമ്പിന്റെ

തലപോലെ വളഞ്ഞിരിക്കുന്നു. പാമ്പ് ലൈംഗികതയുടെ പ്രതീകമാകയാൽ ഓടുതാങ്ങിയുള്ള വീട് ജഡികാസക്തിയുടെ കേന്ദ്രമാണത്രേ. തലവേദനയ്ക്കു പുരട്ടുന്ന 'വിക്സ്' പിശാചിന്റെ കാഷ്ടമാണെന്നും അതു പയോഗിക്കുന്നവർക്ക് ആസക്തികൾ വർദ്ധിക്കുമെന്നും പഠിപ്പിക്കുന്ന പ്രബോധകരും ഇന്നു കേരളത്തിൽ സജീവമാണ്. പാമ്പിന്റെ ചിത്രീകരണമുള്ള കൊന്തകളും ഭക്തവസ്തുക്കളും വ്യാപകമായി അഗ്നിക്കിരയാക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതും ഇതേ ചിന്താധാരയുടെ തുടർച്ചയാണ്.

**(vi)** സെക്ടുകളിലെ അംഗത്വം സമൂഹത്തിലെ വരേണ്യ വർഗ്ഗത്തിലേക്കുള്ള പ്രവേശനമാർഗ്ഗമായി കരുതപ്പെടുന്നു. ചില ക്ലബ്ബുകളിലെ അംഗത്വം സമൂഹത്തിലെ സ്റ്റാറ്റസ് സിമ്പലുകളാകുന്നതുപോലെ പല സെക്ടുകളും വരേണ്യ വർഗ്ഗത്തിന്റെ സ്വൈര വിഹാര കേന്ദ്രങ്ങളായി മാറുന്നുണ്ട്. പല സെക്ടുകളും അവയുടെ ശ്രേഷ്ഠ അംഗത്വം സമ്പന്നർക്കും ഉന്നത ഉദ്യോഗസ്ഥർക്കുമായി സംവരണം ചെയ്തിട്ടുണ്ട്. ഇവരുടെ സാക്ഷ്യവും പ്രകടനവും വഴി സാധാരണക്കാരായവരെ മുന്നണിപ്പോരാളികളായി ഇവർ നേടിയെടുക്കുന്നു. ചാവേറുകളെപ്പോലെ പ്രസ്ഥാനത്തിനു വേണ്ടി പൊരുതുന്ന ഈമുന്നണിപ്പോരാളികൾക്ക് ഒരിക്കലും പ്രസ്ഥാനത്തിന്റെ അകത്തളങ്ങളിലോ അധികാര കേന്ദ്രങ്ങളിലോ പ്രവേശനം ലഭിക്കുകയില്ല. അമേരിക്കയിലെ സെക്ടുകളുടെയിടയിൽ നടത്തപ്പെട്ട സർവ്വേയിൽ സെക്ടുകളിലെ 51% ആളുകൾ ബിരുദാനന്തര ബിരുദധാരികളാണത്രേ 34% ആളുകൾ ഉന്നത ഉദ്യോഗസ്ഥരും 31% ആളുകൾ വ്യവസായ പ്രമുഖരുമാണ്. ഇവരിൽ ഭൂരിപക്ഷത്തിനും വാർഷികാദായം രണ്ടു ലക്ഷം ഡോളറിനുമേൽ (1 കോടിയിൽ പരം രൂപ) ഉള്ളവരാണ്. മുഖ്യധാരാസഭകളിൽ നിന്നും ലഭിക്കാത്ത അംഗീകാരവും സ്വാതന്ത്ര്യവും നിയന്ത്രണാധികാരവും ലഭിക്കുന്നതിനാൽ സ്വൈരവിഹാരം കാംക്ഷിക്കുന്ന വരേണ്യ വർഗ്ഗം സെക്ടുകളിലേക്ക് ആകർഷിക്കപ്പെടുന്നു എന്നതാണ് വസ്തുത.

**(vii)** വിഘടിത ഗ്രൂപ്പുകളിലെ അംഗങ്ങൾ സംഘാതമായ ഒരു മാനസികഘടന (collective mind set up) രൂപപ്പെടുത്തുന്നു എന്നത് ശ്രദ്ധേയമാണ്. വ്യക്തികൾ സ്വതന്ത്രമായി ചിന്തിക്കാതെ നേതാവിന്റെ ചിന്തയുടെ പ്രചാരകരായി മാറുന്നു എന്നതാണ് ഈ മാനസിക ഘടനയുടെ പ്രത്യേകത. സ്വതന്ത്രമായി ചിന്തിക്കാൻ അനുവാദമില്ലാത്ത അണികൾ നേതാവ് നൽകുന്ന പ്രബോധനങ്ങൾ അവ എത്രകണ്ട് യുക്തിരഹിതമാണെങ്കിലും അന്ധമായി വിശ്വസിച്ച് ഏറ്റു പറയുന്നു. ഉദാഹരണമായി, നരകം എന്നത്

ഭൂമിക്കുള്ളിലെ കൊടും ചൂടുള്ള അഗ്നിത്തടാകമാണെന്നും അഗ്നിപർവ്വതം പൊട്ടുമ്പോൾ പുറത്തുവരുന്ന ലാവ നരകത്തിൽ നിന്നുള്ള ഉഷ്ണപ്രവാഹമാണെന്നും പ്രസ്തുത ലാവകളിൽ ചാവാത്ത പുഴുക്കളെ കാണാനാകുമെന്നും എംപറർ എമ്മാനുവൽ ട്രസ്റ്റിന്റെ നേതാവ് പഠിപ്പിക്കുന്നു. നരകം ഭൗമികമാണെങ്കിൽ യുഗാന്ത്യത്തിൽ നരകവും ഇല്ലാതാകില്ലേ എന്ന സാമാന്യ യുക്തിപോലും നിഷേധിക്കുന്ന ഈ വ്യാഖ്യാനം അനുയായികൾ കണ്ണടച്ചു വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. അഗ്നിപർവ്വതത്തടാകത്തിൽ വെന്തുരുകുന്ന അനേക കോടി ആത്മാക്കളുടെ നിലവിളിപോലും റെക്കോർഡുചെയ്തു കേൾപ്പിക്കാൻ ഈ പ്രസ്ഥാനത്തിന്റെ നേതാവിനു കഴിയുന്നു. നരകത്തിലെ ചൂട് 6000 ഡിഗ്രിയാണെന്നും ഈ മാന്യദ്ദേഹം അർത്ഥശങ്കയില്ലാതെ പ്രസ്താവിക്കുന്നു. ശാസ്ത്രീയജ്ഞാനം എന്ന പേരിൽ അവതരിപ്പിക്കപ്പെടുന്ന ഇത്തരം പ്രചാരണങ്ങളും അണികൾ അക്ഷരശ്ശഃ വിശ്വസിക്കുന്നതിനെ മസ്തിഷ്ക പ്രക്ഷാളനം എന്നല്ലാതെ മറ്റെന്താണു പറയേണ്ടത്. പുതിയ പ്രസ്ഥാനത്തിൽ അംഗമാകുന്നതിനു മുമ്പ് തങ്ങൾ ചെയ്ത സകല കാര്യങ്ങളെക്കുറിച്ചും കുറ്റബോധം ജനിപ്പിച്ചും രോഗങ്ങളെ പാപംമൂലമാണെന്നു വ്യാഖ്യാനിച്ചു ഭീഷണിപ്പെടുത്തിയും നേതൃത്വം അണികളുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നു.

**5**. കേരളത്തിൽ കത്തോലിക്കാവിശ്വാസത്തിൽനിന്ന് വിശ്വാസികളെ വ്യതിചലിപ്പിക്കാൻ ശ്രമിക്കുന്ന ചില പ്രസ്ഥാനങ്ങളെയും അവയുടെ അബദ്ധസിദ്ധാന്തങ്ങളെയും, വിശുദ്ധഗ്രന്ഥത്തിന്റെയും സഭാപ്രബോധനങ്ങളുടെയും വെളിച്ചത്തിൽ, തുടർന്നുള്ള ഭാഗത്ത് വിലയിരുത്തുന്നു.

തുടരും...

*സീറോ മലബാർ സിനഡിൽ*
*സീറോ മലബാർ ഡോക്ട്രൈനൽ കമ്മീഷൻ സമർപ്പിച്ച പഠനരേഖ*

.......................................................

P.S.: കുടുംബയൂണിറ്റുകളിൽ ഇത് ചർച്ച ചെയ്യുന്നത് ഉപകാരപ്രദമായിരിക്കും.

# മാർപാപ്പായുടെ മാധ്യമദിനസന്ദേശം - 2012

46-ാമത് ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച്
ബെനഡിക്റ്റ് 16-ാമൻ മാർപാപ്പാ നല്കുന്ന സന്ദേശം

## *നിശ്ശബ്ദതയും വാക്കും സുവിശേഷവത്കരണമാർഗം*

പ്രിയ സഹോദരീസഹോദരന്മാരേ,

1. രണ്ടായിരത്തിപന്ത്രണ്ടിലെ ലോക സമ്പർക്കദിനത്തിലേക്ക് അടുക്കുമ്പോൾ സമ്പർക്കത്തിലെ മാനുഷിക പ്രക്രിയയെന്ന വശത്തെക്കുറിച്ചു ചില ചിന്തകൾ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ പ്രക്രിയ വളരെ പ്രധാനപ്പെട്ടതാണെങ്കിലും ഇന്നു പലപ്പോഴും അത് അവഗണിക്കപ്പെടുന്നു. ഇക്കാലത്ത് അത് ഓർമ്മിക്കുക അത്യാവശ്യമാണെന്നു തോന്നുന്നു. നിശ്ശബ്ദതയും വാക്കും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച കാര്യമാണത്. ആശയവിനിമയത്തിലെ രണ്ടു വശങ്ങളാണവ. അവ സന്തുലിതാവസ്ഥയിലായിരിക്കണം. ജനങ്ങൾ തമ്മിൽ ആത്മാർത്ഥമായ സംവാദവും ദൃഢമായ അടുപ്പവും ഉണ്ടാകാൻ അവ മാറി മാറി വരുകയും പരസ്പരം ചേരുകയും വേണം. വാക്കും നിശ്ശബ്ദതയും പരസ്പരം ഒഴിവാക്കുമ്പോൾ സമ്പർക്കം തകരുന്നു. ആശയക്കുഴപ്പമുണ്ടാക്കുന്നതുകൊണ്ടായിരിക്കാം അങ്ങനെ സംഭവിക്കുന്നത്. അല്ലെങ്കിൽ തണുത്ത അന്തരീക്ഷം സൃഷ്ടിക്കുന്നതുകൊണ്ടായിരിക്കാം. എന്നാൽ അവ പരസ്പര പൂരകങ്ങളായിത്തീരുമ്പോൾ സമ്പർക്കത്തിനു വിലയും അർത്ഥവുമുണ്ടാകും.

2. ആശയവിനിമയത്തിലെ ഒരു മൗലികഘടകമാണ് നിശ്ശബ്ദത. അതിന്റെ അഭാവത്തിൽ ഉള്ളടക്കം കൊണ്ടു സമ്പന്നമായ വാക്കുകൾക്ക് നിലനില്ക്കാനാവുകയില്ല. കേൾക്കാനും നമ്മെത്തന്നെ മനസ്സിലാക്കാനും നമുക്കു കൂടുതൽ കഴിവു ലഭിക്കുന്നു; ആശയങ്ങൾ ഉരുത്തിരിയുകയും ആഴമുള്ളവയാകുകയും ചെയ്യുന്നു; നമുക്കു പറയാനുള്ളതെന്താണെന്നും മറ്റുള്ളവരിൽ നിന്ന് നാം പ്രതീക്ഷിക്കുന്നതെന്താണെന്നും നമുക്ക് കൂടുതൽ വ്യക്തമായി മനസ്സിലാകും, സ്വയം പ്രകാശിപ്പിക്കാനുള്ള മാർഗം നാം തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

3. നിശ്ശബ്ദനായിരിക്കുമ്പോൾ സംസാരിക്കാൻ, സ്വയം പ്രകാശിപ്പിക്കാൻ അന്യവ്യക്തിയെ നാം അനുവദിക്കുകയാണ്. വേണ്ടത്ര പരിശോധിക്കാത്ത നമ്മുടെ വാക്കുകളോടും ആശയങ്ങളോടും നമ്മെത്തന്നെ

ബന്ധിക്കാതിരിക്കുകയും ചെയ്യുന്നു. അങ്ങനെ പരസ്പരം ശ്രവിക്കാനുള്ള ഇടമുണ്ടാകുന്നു. കുടുതൽ ആഴത്തിലുള്ള മാനുഷികബന്ധങ്ങൾ സാധ്യമായിത്തീരുന്നു. ഉദാഹരണമായി സ്നേഹിക്കുന്നവർ തമ്മിലുള്ള യഥാർത്ഥ വിനിമയം നടക്കുന്നത് മിക്കപ്പോഴും നിശ്ശബ്ദതയിലാണ്: ആംഗ്യങ്ങൾ, മുഖഭാവങ്ങൾ, ശരീരഭാഷ എന്നിവ അവർ പരസ്പരം വെളിപ്പെടുത്തുന്നതിന്റെ അടയാളങ്ങളാണ്.

4. സന്തോഷം, ആകുലത, സഹനം എന്നിവയെല്ലാം നിശ്ശബ്ദതയിൽ വിനിമയം ചെയ്യാൻ കഴിയും. യഥാർത്ഥത്തിൽ അത് ആശയപ്രകാശനത്തിന്റെ സുശക്തമായ ഒരു രീതി അവർക്കു നല്കുന്നു. അങ്ങനെ നിശ്ശബ്ദത കൂടുതൽ സജീവമായ സമ്പർക്കം ജനിപ്പിക്കുന്നു. അത് ശ്രവിക്കാനുള്ള സംവേദകത്വവും കഴിവും ആവശ്യപ്പെടുന്നു. ബന്ധങ്ങളുടെ അളവും സ്വഭാവവും അവ വെളിപ്പെടുത്തുന്നു. സന്ദേശങ്ങളും വിവരങ്ങളും ധാരാളമാകുമ്പോൾ നിശ്ശബ്ദത അടിസ്ഥാനപരമായിത്തീരുന്നു. പ്രാധാന്യമുള്ളവയും പ്രാധാന്യമില്ലാത്തവയും തമ്മിൽ വേർതിരിച്ചറിയണമെങ്കിൽ അത് ആവശ്യമാണ്. പരസ്പരബന്ധമില്ലാത്തതെന്ന് പ്രഥമവീക്ഷണത്തിൽ തോന്നുന്ന സംഭവങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ കണ്ടുപിടിക്കാനും, വിലയിരുത്തൽ നടത്താനും സന്ദേശങ്ങളെ അപഗ്രഥിക്കാനും കൂടുതൽ ആഴത്തിലുള്ള വിചിന്തനം സഹായിക്കുന്നു. സുചിന്തിതവും പ്രസക്തവുമായ അഭിപ്രായങ്ങൾ പങ്കുവയ്ക്കാൻ അതു സഹായിക്കുന്നു. അങ്ങനെ പങ്കുവയ്ക്കപ്പെട്ട അറിവിന്റെ ഒരു യഥാർത്ഥ സംഘാതം ഉണ്ടാകുന്നു. ഇതു സംഭവിക്കുന്നതിന് സമുചിതമായ ഒരു പരിസ്ഥിതി വികസിപ്പിക്കുക അത്യാവശ്യമാണ്. ഒരു ഭൂപരിസ്ഥിതി വ്യവസ്ഥയുണ്ടാകണം. നിശ്ശബ്ദത, വാക്കുകൾ, പ്രതീകങ്ങൾ, ശബ്ദങ്ങൾ എന്നിവ തമ്മിൽ ശരിയായ സന്തുലിതാവസ്ഥ അതിന്റെ ഫലമായിട്ടുണ്ടാകും.

5. ഇക്കാലത്ത് സമ്പർക്കപ്രക്രിയ ഉത്തരങ്ങൾ അന്വേഷിക്കുന്ന ചോദ്യങ്ങൾകൊണ്ട് ഉജ്വലിപ്പിക്കപ്പെടുന്നു. ഉപദേശം, ആശയങ്ങൾ, വിവരങ്ങൾ, ഉത്തരങ്ങൾ എന്നിവ അന്വേഷിക്കുന്ന അനേകരെ സംബന്ധിച്ചിടത്തോളം സേർച്ച് എഞ്ചിൻ, സോഷ്യൽ നെറ്റുവർക്ക് എന്നിവ സമ്പർക്കത്തിന്റെ തുടക്കസ്ഥാനമായിട്ടുണ്ട്. നമ്മുടെ കാലഘട്ടത്തിൽ ഇന്റർനെറ്റ് വർദ്ധമാനമായ തോതിൽ ചോദ്യോത്തരങ്ങൾക്കുള്ള വേദിയായിത്തീരുന്നു. യഥാർത്ഥത്തിൽ ഇന്ന്, ആളുകൾ ഒരിക്കലും ചോദിക്കാത്ത ചോദ്യങ്ങളും ഉത്തരങ്ങളുംകൊണ്ട് അവരെ ആക്രമിക്കുകയാണ്, അവർ ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത ആവശ്യങ്ങൾകൊണ്ട്

ആക്രമിക്കപ്പെടുകയാണ്. യഥാർത്ഥത്തിൽ പ്രധാനപ്പെട്ട ചോദ്യങ്ങൾ തിരിച്ചറിയുകയും അവയിൽ ശ്രദ്ധകേന്ദ്രീകരിക്കുകയും ചെയ്യണമെങ്കിൽ നിശ്ശബ്ദത അമൂല്യമായ ഒരു ഉത്പന്നമാണ്. നാം സ്വീകരിക്കുന്ന പ്രചോദനങ്ങളുടെയും ഡേറ്റകളുടെയും ആധിക്യത്തിന്റെ മുമ്പിൽ ശരിയായ വിവേചനാശക്തി പ്രയോഗിക്കാൻ അതു നമ്മെ സഹായിക്കും.

6. എന്നാൽ, സമ്പർക്കമാധ്യമങ്ങളുടെ സങ്കീർണതയുടെയും വൈവിധ്യത്തിന്റെയും ലോകത്തിൽ അനേകർ മനുഷ്യാസ്തിത്വത്തെ സംബന്ധിച്ച ആത്യന്തിക ചോദ്യങ്ങൾ നേരിടുന്നുണ്ട്: ആരാണു ഞാൻ? എനിക്ക് എന്ത് അറിയാൻ കഴിയും? ഞാൻ എന്താണു ചെയ്യേണ്ടത്. എനിക്ക് എന്തു പ്രത്യാശിക്കാനാവും? ഈ ചോദ്യങ്ങൾ ചോദിക്കുന്നവർക്ക് ഉറപ്പു നല്കുകയെന്നതും ആത്മാർത്ഥമായ ഒരു സംവാദത്തിനുള്ള വഴി തുറക്കുകയെന്നതും പ്രധാനകാര്യങ്ങളാണ്. വാക്കുകളും വിനിമയവും വഴിയാണ് അങ്ങനെ ചെയ്യേണ്ടത്. എന്നാലും നിശ്ശബ്ദമായ വിചിന്തനത്തിനു ക്ഷണിച്ചുകൊണ്ടും അങ്ങനെ ചെയ്യാം. അതു മിക്കപ്പോഴും ധൃതി പിടിച്ചു പറയുന്ന ഉത്തരത്തെക്കാൾ വാഗ്മിത്വമുള്ളതാകും. മിക്കപ്പോഴും അന്വേഷകരെ അവരുടെ അസ്തിത്വത്തിന്റെ ആഴങ്ങളിലേക്ക് നയിക്കുകയും ചെയ്യും. ദൈവം മനുഷ്യഹൃദയങ്ങളിൽ ഉല്ലേഖനം ചെയ്തിരിക്കുന്ന അറിവിലേക്കുള്ള വഴി അവർ തന്നെ തുറക്കുകയും ചെയ്യും.

7. ആത്യന്തികമായി ചോദ്യങ്ങളുടെ നിരന്തരമായ ഈ ഒഴുക്ക് മനുഷ്യരുടെ അസ്വസ്ഥതയുടെ തെളിവാണ്. മനുഷ്യർ എപ്പോഴും പ്രാധാന്യം കൂടിയതോ കുറഞ്ഞതോ ആയ സത്യങ്ങളെ നിരന്തരം അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ജീവിതത്തിനു അർത്ഥവും പ്രത്യാശയും നല്കുന്ന സത്യങ്ങളെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ജീവിതത്തെ സംബന്ധിച്ച സംശയാസ്പദമായ അഭിപ്രായങ്ങളുടെയും അനുഭവങ്ങളുടെയും ഉപരിപ്ലവവും ചോദ്യരഹിതവുമായ കൈമാറ്റംകൊണ്ട് തൃപ്തരാകാൻ മനുഷ്യർക്കു കഴിയുകയില്ല. നമ്മൾ എല്ലാവരും സത്യം തേടുന്നവരാണ്. അഗാധമായ ഈ ആഗ്രഹത്തിൽ ഇന്ന് നാം മുൻകാലത്തെക്കാൾ ഏറെ പങ്കുചേരുന്നു. "ആളുകൾ വിവരങ്ങൾ കൈമാറുമ്പോൾ പരസ്പരം പങ്കുചേരുകയാണ്"- "ലോകത്തെക്കുറിച്ചുള്ള വീക്ഷണവും പ്രത്യാശകളും ആദർശങ്ങളും എല്ലാം പങ്കുവയ്ക്കുകയാണ്"(2011-ലെ ലോകസമ്പർക്കദിനസമ്മേളനം).

8. വിവിധവിധത്തിലുള്ള വെബ്സൈറ്റുകൾ, ആപ്ലിക്കേഷനുകൾ, സോഷ്യൽ നെറ്റുവർക്കുകൾ എന്നിവയെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ചിന്തിക്കാനും യഥാർത്ഥ ചോദ്യങ്ങൾ ചോദിക്കാനും ആളുകളെ സഹായിക്കാൻ അവയ്ക്ക് ഇന്നു സാധിക്കും. നിശ്ശബ്ദതയ്ക്കും, പ്രാർത്ഥനയ്ക്കും, ധ്യാനത്തിനും ദൈവവചനത്തിന്റെ പങ്കുചേരലിനും അവ അവസരം നല്കും. ചെറിയ ശൈലികൾകൊണ്ട്, മിക്കപ്പോഴും ബൈബിളിലെ ഒരു വാക്യത്തെക്കാൾ ദൈർഘ്യമില്ലാത്ത വാക്യങ്ങൾകൊണ്ട് ആഴമുള്ള ചിന്തകൾ കൈമാറാൻ കഴിയും. സംഭാഷണത്തിൽ പങ്കുചേരുന്നവർ തങ്ങളുടെ ആന്തരിക ജീവിതത്തെ പോഷിപ്പിക്കുന്നതിൽ ഉപേക്ഷ കാണിക്കാത്തവരായിരിക്കണമെന്നേ ഉള്ളൂ. ആളുകൾക്ക് തങ്ങളെത്തന്നെ കണ്ടെത്താനും എല്ലാ കാര്യങ്ങൾക്കു അർത്ഥം നല്കുന്ന ദിവ്യസത്യത്തെ കണ്ടെത്താനും സഹായിക്കുന്ന വിശേഷാനുകൂല്യമുള്ള അവസ്ഥകളായി ഏകാന്തതയെയും നിശ്ശബ്ദതയെയും വിവിധ മതപാരമ്പര്യങ്ങൾ കരുതുന്നുവെന്നതിൽ വിസ്മയിക്കാനില്ല. ബൈബിൾപരമായ വെളിപാടിന്റെ ദൈവം വാക്കുകൾ കൂടാതെയും സംസാരിക്കുന്നുണ്ട്: “ക്രിസ്തുവിന്റെ കുരിശു തെളിയിക്കുന്നതുപോലെ ദൈവം തന്റെ നിശ്ശബ്ദതകൊണ്ടും സംസാരിക്കുന്നു. ദൈവത്തിന്റെ നിശ്ശബ്ദത, സർവശക്തനായ ദൈവത്തിന്റെ അകൽച്ചയുടെ അനുഭവം, മനുഷ്യാവതാരം ചെയ്ത വചനമാകുന്ന ദൈവപുത്രന്റെ ഭൗമികയാത്രയിൽ ഒരു നിർണായകഘട്ടമാണ്. ദൈവത്തിന്റെ നിശ്ശബ്ദത അവിടത്തെ ആദിമകാലവാക്കുകളെ ദീർഘിപ്പിക്കുകയാണ്. ഇരുട്ടിന്റെ ഈ നിമിഷങ്ങളിൽ, അവിടന്ന് തന്റെ ഏകാന്തതയുടെ രഹസ്യത്തിലൂടെ സംസാരിക്കുന്നു (വെർബും ദോമിനി, 21).

9. ദൈവസ്നേഹത്തിന്റെ വാഗ്മിത്വം, പരമദാനത്തോളം ജീവിക്കപ്പെട്ടത് കുരിശിന്റെ നിശ്ശബ്ദതയിൽ സംസാരിക്കുന്നു. ക്രിസ്തുവിന്റെ മരണശേഷം ഭൂമിമേൽ വലിയ നിശ്ശബ്ദതയുണ്ടായി. പിന്നീട് ദുഃഖശനിയാഴ്ച ദൈവത്തിന്റെ ശബ്ദം വീണ്ടും മുഴങ്ങുകയും മനുഷ്യരോടുള്ള സ്നേഹംകൊണ്ടു നിറയുകയും ചെയ്തു. ആ ദിവസം രാജാവു ഉറങ്ങുകയും ദൈവം ശരീരത്തിൽ ഉറങ്ങുകയും യുഗങ്ങളായി ഉറങ്ങിക്കൊണ്ടിരുന്നവരെ ഉയിർപ്പിക്കുകയും ചെയ്തു (cf. Office of Readings, Holy Saturday).

10. ദൈവം നിശ്ശബ്ദതയിൽ പോലും നമ്മോടു സംസാരിക്കുന്നുവെങ്കിൽ ദൈവത്തോടും ദൈവത്തെ സംബന്ധിച്ചും പറയാനുള്ള സാധ്യത നിശ്ശബ്ദതയിൽ കണ്ടുമുട്ടുന്നു. “ധ്യാനമായിത്തീരുന്ന നിശ്ശബ്ദത നമുക്ക് ആവശ്യമാണ്. ദൈവത്തിന്റെ നിശ്ശബ്ദതയിലേക്ക് നമ്മെ

പ്രവേശിപ്പിക്കുകയും, ദിവ്യവചനം, രക്ഷിക്കുന്ന ദിവ്യവചനം, ജനിക്കുന്ന സ്ഥാനത്തേക്കു നമ്മെ കൊണ്ടുപോകുകയും ചെയ്യുന്ന ധ്യാനമാണത്" (പ്രഭാഷണം, അന്താരാഷ്ട്ര ദൈവശാസ്ത്ര കമ്മീഷന്റെ അംഗങ്ങളോടൊപ്പം നടന്ന ദിവ്യകാരുണ്യാഘോഷം, – ഒക്ടോബർ 2006 ദൈവത്തിന്റെ മഹത്ത്വത്തെപ്പറ്റി പറയുമ്പോൾ നമ്മുടെ ഭാഷ എപ്പോഴും അപര്യാപ്തമാണെന്നു തെളിയും. നിശ്ശബ്ദമായ ഗാഢ ധ്യാനത്തിന് അത് ഇടം നല്കണം. അത്തരം ഗാഢധ്യാനത്തിൽ നിന്ന്, അതിന്റെ ആന്തരികമായ സർവശക്തിയോടും കൂടി അടിയന്തിരസ്വഭാവമുള്ള പ്രേഷിതത്വത്തെക്കുറിച്ചുള്ള ചിന്തയുണ്ടാകുന്നു. അത് നിർബന്ധിക്കുന്ന ഒരു കടമ സൃഷ്ടിക്കുന്നു. "നമ്മൾ കണ്ടതും കേട്ടതും പകർന്നുകൊടുക്കാനുള്ള" കടമയാണത്. എല്ലാവരും ദൈവവുമായുള്ള സംസർഗത്തിലായിരിക്കാനാണത് (1 യോഹ 1:3).

11. നമ്മുടെ അയൽക്കാരിലേക്ക് നമ്മെ തിരിക്കുന്ന ദിവ്യസ്നേഹത്തിന്റെ ഉറവിടത്തിൽ നിശ്ശബ്ദഗാഢധ്യാനം നമ്മെ മുക്കുന്നു. അയൽക്കാരുടെ സഹനം നാം അനുഭവിച്ചറിയുകയും അവർക്ക് ക്രിസ്തുവിന്റെ പ്രകാശം, അവിടത്തെ ജീവസന്ദേശവും സ്നേഹപൂർണതയുടെ രക്ഷാകരദാനവും നല്കുകയും ചെയ്യുന്നതിനാണത്. അതുകൊണ്ട് നിശ്ശബ്ദ ഗാഢധ്യാനത്തിൽ, ലോകം ആരിലൂടെ സൃഷ്ടിക്കപ്പെട്ടുവോ ആ നിത്യവചനം പൂർവാധികം ശക്തിയോടെ സന്നിഹിതനാകുന്നു. ദൈവം നമ്മുടെ ചരിത്രത്തിലെങ്ങും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും നിർവഹിക്കുന്ന രക്ഷാപദ്ധതിയെക്കുറിച്ച് നാം അറിയുകയും ചെയ്യുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ ദൈവിക വെളിപാട് "ആന്തരിക ഐക്യമുള്ള പ്രവൃത്തികൾകൊണ്ടും വാക്കുകൾകൊണ്ടും നിറഞ്ഞിരിക്കുന്നു. "രക്ഷാരഹസ്യത്തിൽ ദൈവം ചെയ്ത പ്രവൃത്തികൾ വാക്കുകളാൽ സൂചിപ്പിക്കപ്പെട്ട പ്രബോധനത്തെയും യാഥാർത്ഥ്യങ്ങളെയും വെളിപ്പെടുത്തുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു. അതേ സമയം വാക്കുകൾ പ്രവൃത്തികളെപ്പറ്റി പ്രഘോഷിക്കുകയും അവയിലുള്ള രഹസ്യത്തെ വിശദീകരിക്കുകയും ചെയ്യുന്നു (ദേയി വെർബും 2).

12. ഈ രക്ഷാപദ്ധതി നസ്രത്തിലെ യേശു എന്ന വ്യക്തിയിൽ പൂർത്തിയാകുന്നു. അവിടന്ന് എല്ലാ വെളിപാടുകളുടെയും മധ്യസ്ഥനും പൂർണതയുമാണ്. അവിടന്ന് പിതാവായ ദൈവത്തിന്റെ യഥാർത്ഥ മുഖം നമുക്കു വെളിപ്പെടുത്തിത്തന്നു. അവിടന്ന് തന്റെ കുരിശും ഉത്ഥാനവും വഴി നമ്മെ പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽ നിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് കൊണ്ടുവന്നു.

13. മനുഷ്യാസ്തിത്വത്തെക്കുറിച്ചുള്ള മൗലിക ചോദ്യത്തിന്റെ അർത്ഥം ക്രിസ്തു എന്ന രഹസ്യത്തിൽ ഉത്തരം കണ്ടെത്തുന്നു. ആ ഉത്തരം അസ്വസ്ഥമായിരിക്കുന്ന മനുഷ്യഹൃദയത്തിനു സമാധാനം കൊണ്ടു വന്നു തരുന്നു. സഭയുടെ ദൗത്യം ഈ രഹസ്യത്തിൽ നിന്നു തുടങ്ങുന്നു. പ്രത്യാശയുടെയും രക്ഷയുടെയും മുന്നോടികളാകാൻ ക്രിസ്ത്യാനികളെ നിർബന്ധിക്കുന്നത് ഈ രഹസ്യമാണ്. മനുഷ്യമഹത്ത്വത്തെ വളർത്തുകയും നീതിയും സമാധാനവും പടുത്തുയർത്തുകയും ചെയ്യുന്ന സ്നേഹത്തിന്റെ സാക്ഷികളാകാനും നിർബന്ധിക്കുന്നത് ഈ രഹസ്യം തന്നെയാണ്.

14. വാക്കും നിശ്ശബ്ദതയും: ആശയവിനിമയം പഠിക്കുകയെന്നത് കേൾക്കാനും ധ്യാനിക്കാനും അതുപോലെ സംസാരിക്കാനും പഠിക്കുകയെന്നതാണ്. സുവിശേഷവത്കരണദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ സംബന്ധിച്ച് ഇത് അടിസ്ഥാനപരമാണ്. നിശ്ശബ്ദതയും വാക്കും സാരാംശപരമായ ഘടകങ്ങളാണ്. ഇന്നത്തെ ലോകത്തിൽ ക്രിസ്തുവിനെപ്പറ്റി നവീകൃത പ്രഘോഷണം നടത്തുന്നതിനെ സംബന്ധിച്ച്, സഭയുടെ സമ്പർക്കപ്രവർത്തനത്തിൽ അടിസ്ഥാനപരമായ ഘടകങ്ങളാണ്.

15. സാമൂഹിക സമ്പർക്ക മാധ്യമങ്ങളിലൂടെ സഭ ഏറ്റെടുക്കുന്ന സുവിശേഷവത്കരണപ്രവർത്തനമെല്ലാം കന്യകാമറിയത്തിനു ഞാൻ സമർപ്പിക്കുന്നു. "അവളുടെ നിശ്ശബ്ദത, ദിവ്യവചനത്തെ ശ്രദ്ധിച്ചു കേൾക്കുന്നു, അത് പുഷ്പിക്കാൻ ഇടയാക്കുകയും ചെയ്യുന്നു" (ലൊറേറ്റോയിലെ വിശുദ്ധ ഭവനത്തിലെ സ്വകാര്യപ്രാർത്ഥന, 1 സെപ്തംബർ 2007).

വത്തിക്കാനിൽ നിന്ന്, 24 ജനുവരി 2012, വിശുദ്ധ ഫ്രാൻസിസ് ഡി സാലസിന്റെ തിരുനാൾ ദിവസം,

ബെനഡിക്ട് 16-മൻ മാർപാപ്പ

പി.ഒ.സി.,

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി

09.10.2012

*Ref: 2582 /K 35/OL/KCBC/DS*

# ENGAGEMENTS

## Archbishop George Alencherry

**NOVEMBER 2012**

| | | |
|---|---|---|
| 1 | | Mount St. Thomas |
| 2 | | Mount St. Thomas |
| 3 | pm | Malayatoor |
| 4 | am | Kodamthururath |
| 5 | | Forane Meeting- Moozhikulam |
| 7 | | RMS Meet Deepika Mount |
| | pm | Consultors Body Meeting |
| 8 | | Mount – Jubilerians Meet |
| 9 | pm | Nadel School |
| 10 | | Basilica Ernakulam |
| 11 | am | Parents’ Day, Minor Seminary, Thrikakkara |
| | pm | CST Seminary |
| 12 | am | Chunamgamvely S. D. House |
| | pm | Illithode |
| 13 | am | Marthoma Bhavan, Thrikakkara |
| | | Forane Meeting- Karukutty |
| 14 | | Forane Meeting- Mookkannoor |
| 15 | am | Mount St. Thomas |
| | pm | Muthalakodam |
| 16 | am | Renewal Center |
| | pm | Kavaraparambu |
| 17-18 | | Delhi |
| 19-25 | | FABC- Bankok |
| 26-Dec 07 | | Australia |

## Bishop Sebastian Adayanthrath

**NOVEMBER 2012**

| | | | |
|---|---|---|---|
| 1 | pm | Vijobhavan Cemetery | Holy Mass |
| 2 | pm | Basilica Cemetery | Holy Mass |
| 3 | am | Elamkulam | |
| | pm | Aluva Capuchin monastery- Golden Jubilee, Holy Mass | |
| 4 | am | Konthuruthy-Holy mass & Catechism Class | |
| | pm | Kalady- Jeevalaya | Inauguration |
| 5 | pm | Abp's House- Board Meeting- Sathyadeepam | |
| | pm | Board Meeting- Naipunnya Pongam | |
| 7 | pm | Abp's House-Board Meeting- Vaikom Welfare | |
| | pm | Reception to the new Bishops | |
| | pm | Abp's House- Consultor's meeting | |
| 8 | am | Abp's House- Transfer Committee Meeting | |
| | pm | Board Meeting- Viani Printings | |
| | pm | Board Meeting- Bharatmatha College | |
| 9 | pm | Abp's House- Board Meeting- L. F. Hospital | |
| | pm | Martin Nagar - Cherthala | Holy Mass |
| 10 | pm | Udayamperoor | Holy Mass |
| | pm | Abp's House- Reception to Abp Kallarackal | |
| 11 | pm | Thevakal | Blessing |
| 12 | pm | Abp's House- Pastoral Council – Agenda Commitee | |
| 13 | am | Valamangalam-Golden Jubilee - Fr. Abrham Poochakkat | |
| 15 | am | Mount St. Thomas | Meeting |
| 16 | am | Mount St. Thomas | Meeting |
| 18 | am | Bangalore | Youth Convention |
| 20 | pm | Koratty | Ordination Dn. Vazhappilly |
| | pm | Karukutty Retreat Centre | Prayer Group Conference |
| 21 | am | Abp's House- | Formation council |
| | pm | Board Meeting- Lisie Hospital | |

| | | | |
|---|---|---|---|
| 22 | am | Renewal Centre | CHAI General Body meeting |
| | am | Abp's House-Transfer Commitee Meeting | |
| | pm | SAFP Meeting | |
| | pm | Kizhakambalam | Rectory Blessing |
| 23 | am | Abp's House- | Formation Council Meeting |
| | pm | Kizhakumury- Adoration Conclusion & message | |
| 24 | am | Renewal Centre-Inaugural meeting | Family Apostolate |
| | pm | Udayamperor- Golden Jubilee Stella Maris Convent | |
| 25 | am | Thannirmukkam | Holy Mass |
| | pm | Ezhupunna | Holy Mass |
| 26 | am | CMC Generalate Aluva | Golden Jubilee - Mass |
| | pm | North Kuthiyathode | Alter Blessing |
| 27 | pm | Thalassery Seminary | Visit |
| 30 | pm | Basilica | Holy Mass |

**DECEMBER 2012**

| | | | |
|---|---|---|---|
| 1 | pm | Mankuzhy | Holy Mass |
| 2-5 | | Makkiad | Retreat |
| 6 | am | Abp's House-Transfer Committee Meeting | |
| 7 | pm | Abp's House- | S A F P Meeting |
| | pm | Pongam | Naipunnya Meeting |

# വാർത്തകളും വിശേഷങ്ങളും

## പുതിയ വേദപാരംഗതന്മാർ

2012 ഒക്ടോബർ 7-ാം തീയതി ഞായറാഴ്ച റോമിലെ മെത്രാന്മാരുടെ സിനഡ് ഉത്ഘാടനം ചെയ്തുകൊണ്ട് അർപ്പിച്ച ബലിമദ്ധ്യേ ബെനഡിക്ട് 16-ാമൻ മാർപ്പാപ്പ കത്തോലിക്കാ സഭയിലെ പുതിയ വേദപാരംഗതന്മാരായി 12-ാം നൂറ്റാണ്ടിൽ ജർമ്മനിയിൽ ജീവിച്ച ബിംഗനിലെ വി. ഹിൽഡെഗാർഡിനെയും 16-ാം നൂറ്റാണ്ടിൽ സ്പെയിനിൽ ജീവിച്ച ആവിലായിലെ വി. ജോണിനെയും പ്രഖ്യാപിച്ചു. ജീവിതവിശുദ്ധിയും അവരുടെ ശ്രേഷ്ഠമായ പഠന

ങ്ങളുമാണ് ഈ സ്ഥാനത്തിന് അവരെ അർഹരാക്കിയതെന്ന് കർദ്ദിനാൾ ആഞ്ചെലോ അമാത്തോ വ്യക്തമാക്കി. ഇവരെക്കൂടാതെ കത്തോലിക്കാ സഭയിൽ 33 വേദപാരംഗതന്മാരാണുള്ളത്. ഇതിനുമുമ്പ് ഈ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടത് ലിസ്യൂവിനെ വി. കൊച്ചുത്രേസ്യയാണ്.

## പുതിയ വിശുദ്ധർ

2012 ഒക്ടോബർ 21-ാം തീയതി ഞായറാഴ്ച ബെനഡിക്ട് 16-ാമൻ മാർപ്പാപ്പ 7 പേരെക്കുടി വിശുദ്ധ പദവിയിലേക്കുയർത്തി. ക്രിസ്തുവിനോടുള്ള സമ്പൂർണ്ണ സമർപ്പണത്തിന്റെയും മറ്റുള്ളവർക്കുള്ള അക്ഷീണ സേവനത്തിന്റെയും വിശ്വോത്തര മാതൃകകളാണ് പുതിയ വിശുദ്ധരെന്ന് മാർപ്പാപ്പ പ്രസ്താവിച്ചു. കറ്റേരി തെകാക്വിത (അമേരിക്ക), മദർ മരിയാന്നെ കോപ് (അമേരിക്ക), പെദ്രോ കലുംഗ്സോദ് (ഫിലിപ്പൈൻസ്), ഫാ. ജാക് ബെർത്യു (ഫ്രാൻസ്), ഫാ. ജോവാന്നി ബത്തിസ്ത പിയമാത്ര (ഇറ്റലി), സി. കാർമെൻ സാലസ് ബരാൻഗ്വെരാസ് (സ്പെയിൻ), അന്ന ഷാഫർ (ജർമനി) എന്നിവരെയാണ് വിശുദ്ധരായി പ്രഖ്യാപിച്ചത്.

## പുതിയ കർദ്ദിനാളന്മാർ

2012 ഒക്ടോബർ 24-ാം തീയതി ബുധനാഴ്ച ബെനഡിക്ട് 16-ാമൻ മാർപ്പാപ്പ ആറ് പേരെ കർദ്ദിനാൾസ്ഥാനത്തേക്കുയർത്തി. 1977-ന് ശേഷമുള്ള ഏറ്റവും ചെറിയ കൺസിസറ്ററിയാണിത്. ആർച്ച് ബിഷപ് ജെയിംസ് എം. ഹാർവി (63, അമേരിക്ക), മാറോണൈറ്റ് പാത്രിയാർക്കീസ് ബെക്കാര റായി (72, ലെബനൻ), സീറോ മലങ്കര മേജർ ആർച്ച് ബിഷപ് ബസേലിയോസ് ക്ലീമീസ് (53, ഇന്ത്യ), ആർച്ച് ബിഷപ് ജോൺ ഊളുരുൻഫേമി ഒനായിയേകൻ (68, നൈജീരിയ), ആർച്ച് ബിഷപ് റൂബൻ സലാസർ ഗോമസ് (70, കൊളംബിയ), ആർച്ച് ബിഷപ് ലൂയിസ് ടാഗിൾ (55, ഫിലിപ്പൈൻസ്) എന്നിവരാണ് പുതിയ കർദ്ദിനാളന്മാർ. നവംബർ 24-ാം തീയതിയാണ് ഇവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നത്.

# കച്ചേരിക്കാര്യം

## പ്രീസ്റ്റ് ഐ.ഡി. കാർഡ്

എറണാകുളം-അങ്കമാലി അതിരൂപത വൈദികർക്കായി അതിരൂപതയിൽനിന്നുള്ള തിരിച്ചറിയിൽ കാർഡുകൾ തയ്യാറാക്കിയിരിക്കുന്നു. 2012 നവംബർ 5-ാം തീയതി മുതൽ അതിരൂപതക്കച്ചേരിയിൽനിന്ന് കാർഡുകൾ കൈപ്പറ്റാവുന്നതാണ്.

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
പ്രോട്ടോ സിഞ്ചെല്ലൂസ്

## അനുമോദനങ്ങൾ



ജീസസ് യൂത്തിന്റെ നാഷണൽ പാസ്റ്ററായി നിയമിതനായ **ബഹു. ചെറിയാൻ നേരേവീട്ടിൽ** അച്ചന് അതിരൂപതയുടെ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും.



സി.എം.എൽ. ന്റെ നാഷണൽ പ്രൊമോട്ടറായി നിയമിതനായ **ബഹു. ആന്റണി പുതിയാപറമ്പിൽ** അച്ചന് അതിരൂപതയുടെ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും.



സീറോ മലബാർ സഭയിലെ കുടുംബകൂട്ടായ്മകളുടെ ജനറൽ കൺവീനറായി നിയമിതനായിരിക്കുന്ന **ബഹു. ജോസ് പൊള്ളയിൽ** അച്ചന് അതിരൂപതയുടെ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും.



കാലടി സംസ്കൃത സർവ്വകലാശാലയിൽനിന്ന് എം.എ. തിയറ്റർ പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ **ബഹു. തോമസ് നങ്ങേലിമാലിൽ** അച്ചന് അതിരൂപതയുടെ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും.

## വിശ്വാസവർഷം - നമ്മുടെ അതിരൂപതയിൽ

നമ്മുടെ അതിരൂപതയിലെ വിശ്വാസവർഷ കർമ്മപരിപാടികൾ ആരംഭിക്കുന്നത് ദെനഹാതിരുനാൾ ദിനത്തിലാണ് (2013 ജനുവരി 6). കർമ്മപരിപാടികളെക്കുറിച്ച് വിവിധ ഫോറങ്ങളിൽ ചർച്ചകൾ നടക്കുന്നുണ്ട്. ഒരു ആചരണം എന്നതിനേക്കാൾ കൂടുതലായി നമ്മുടെ വിശ്വാസജീവിതത്തെ ദൃഢീകരിക്കുക എന്നുള്ളതാണ് നമ്മുടെ ആഘോഷത്തിന്റെ ലക്ഷ്യം. ഇടവകയിലെ വിശ്വാസ സമൂഹത്തിന് ദിശാബോധം നൽകുന്ന നേതൃത്വം വൈദികരുടേതാണ്. അതുകൊണ്ടുതന്നെ പാസ്റ്ററൽ കൗൺസിലിലും, മറ്റു ഫോറങ്ങളിലും ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളും നിർദ്ദേശങ്ങളും ഡിസംബർ 19-ാം തീയതി കൂടുന്ന വൈദികപ്രതിനിധിയോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കും. ക്രിസ്മസിന് മുൻപായി എല്ലാ ഇടവകകളേയും സന്യാസഭവനങ്ങളേയും കർമ്മപദ്ധികൾ അറിയിക്കും. ഇടവകയും വിശ്വാസസമൂഹവും നൽകുന്ന സാക്ഷ്യമാണ് വിശ്വാസവർഷത്തിന്റെ കാതൽ. ക്രിയാത്മകമായ മുന്നേറ്റങ്ങൾ ആവിഷ്കരിക്കാൻ വികാരിയച്ചന്മാരും ഇടവകപ്രതിനിധിയോഗവും പരിശ്രമിക്കുമല്ലോ.

നമ്മുടെ അതിരൂപതയിൽ വിശ്വാസവർഷ ആഘോഷങ്ങൾക്ക് നേതൃത്വം നൽകുന്നത് **ബഹു. പോൾ മോറേലി** അച്ചനാണ്. അച്ചൻ കോട്ടപ്പറമ്പ് (വെ. ചേരാനല്ലൂർ) പള്ളിയിലാണ് സേവനം ചെയ്യുന്നത്. ഫോൺ: 9633638747.

## മിഷൻവർഷസമാപനം

കഴിഞ്ഞ ഒരു വർഷമായി നമ്മൾ ആചരിച്ചുവരുന്ന മിഷൻ വർഷത്തിന്റെ സമാപനം 2012 നവംബർ 18-ാം തീയതിയാണ്. അന്നുതന്നെയാണ് സീറോ മലബാർസഭ മിഷൻവർഷസമാപനം ഡൽഹിയിൽവച്ച് കൊണ്ടാടുന്നത്. സീറോമലബാർ സഭയിലേയും മറ്റു സഭകളിലേയും പിതാക്കന്മാർ പങ്കെടുക്കുന്ന ദിവ്യബലിയോടെ, ഈ വർഷത്തിന് സമാപനം കുറിക്കുകയാണ്.

സഭ എന്നും മിഷണറിയാണ്. ദൈവരാജ്യത്തിന്റെ വളർച്ച പ്രഘോഷിക്കുകയാണ് അവളുടെ ദൗത്യം. നമ്മുടെ ഇടവകകളിൽ സ്ഥാപ

നങ്ങളിൽ, കൂട്ടായ്മകളിൽ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ടും ജീവിച്ചുകൊണ്ടും ഈ ദൗത്യം തുടരണം. മിഷൻ രംഗങ്ങളിലേക്ക് യാത്ര ചെയ്യുവാനും അവിടെയുള്ളവരുമായി ഐക്യദാർഢ്യം പ്രഖ്യാപിക്കുവാനും വിശ്വാസ സമൂഹത്തെ പ്രോത്സാഹിപ്പിക്കുമല്ലോ.

കുർബാനയുടെ ആരംഭത്തിൽ തെളിക്കുന്ന നിലവിളക്കിൽനിന്ന് കുറേ ദീപങ്ങൾ തെളിച്ച്, വിശ്വാസ സമൂഹത്തിലെ പ്രതിനിധികൾക്ക് നൽകി, വൈദികൻ ചൊല്ലിക്കൊടുക്കുന്ന സ്വയംപ്രേരിത പ്രാർത്ഥന ഏറ്റു ചൊല്ലി, മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി തങ്ങളെത്തന്നെ ഏല്പിച്ചുകൊണ്ടോ, മറ്റേതെങ്കിലും ഉചിതമായ രീതിയിലോ ഈ വർഷം സമാപിപ്പിക്കാം. വിശ്വാസവർഷം നാം ആഘോഷിക്കാൻ തുടങ്ങുന്നത് പുതുവർഷത്തോടെയാണ്. അതിനോടകം വൈദികപ്രതിനിധിയോഗത്തിലും, പാസ്റ്ററൽ കൗൺസിലിലും ഇക്കാര്യം നമ്മൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്ത് തയ്യാറെടുപ്പോടെ നമുക്ക് വിശ്വാസവർഷം ആചരിക്കാം.

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
പ്രോട്ടോ സിഞ്ചെല്ലൂസ്

---

## Approved centres of Marriage Preparation Course (MPC)

(Outside the Syro-Malabar Eparchies)

**<u>AUSTRIA</u>**

Rev. Dr. Thomas Thandappilly CST
Pfarre Maria Lourdes, A-1120, Vienna, Tivoligasse 20
Tel. 817 42 06 (0699 1 19 66 771)
e-mail: thandappilly@aon.at

**<u>UNITED KINGDOM</u>**

Rev. Fr. Thomas Parayadyil MST
Co-ordinator
Our Lady of Lourdes, 373 Bowes Road,
London N11 1AA. U.K.
e-mail: fr.coordinator@syromalabarchurchuk.org

**SAUDI-ARABIA**

1) **Damam, Kobar, Jubail**
   Fr. Andrews Maliekal
2) **Riyad**
   Fr. Sebastian Chamackala
3) **Jeddah**
   Fr. George Manthuruthil

**AUSTRALIA**

Fr. Francis Kolencherry
National Co-ordinator
55 Franklin St Forrest, ACT, 2603, Australia
Tel. 6140 826 7777
e-mail: smncoordinatora@gmail.com

**AHMEDABAD**

Rev. Fr. Kuriachan Paul
Episcopal Vicar of the Syro-Malabar Catholics
Diocese of Ahmedabad
Bishop's House, Mirzapur, Ahmedabad 380 001.
Tel. 09327004196

**CHENNAI**

Rev. Dr. Jose Palatty
St. Thomas Pastoral Centre
16, Ayanavaram Road, Chennai 600 023.
Tel. 044-26443803
e-mail: stpcchennai@yahoo.com

**BANGALORE**

Fr. Mathew Koikara CMI
Vicar, St Thomas Forane Church
Dharmaram College P.O., Bangalore 560029.
Tel. 080-41116390
e-mail: fatherkoikara@yahoo.com

*cf. Synodal News, vol. 17, p. 168*

# Archdiocesan Tribunal Closing of the Servant of God Varghese Payapilly



I am glad that the destined time has come for the **closing ceremony of the Archdiocesan Tribunal** constituted by His Beatitude late Mar Varkey Cardinal Vithayathil in 2009 for the Cause of the Servant of God Fr. Varghese Payapilly in the Archdiocese of Ernakulam-Angamaly as a response to the formal petition submitted by Rev. Sr. Roseline Elavanal S.D., the Postulator, duly nominated by the General Council of the Sisters of the Destitute.

The Tribunal responsible to collect depositions from the eye witnesses and hearsay witnesses regarding the life and heroic virtues of the Servant of God includes Rev. Dr. Varghese Pottackal, the Episcopal delegate, Rev. Dr. Saju Augustine Kuthodiputhenpurayil CST, the Promoter of Justice, Rev. Sr. Sibia FCC, the Notary and Rev. Sr. Mahima MSJ, the Adjunct Notary, Rev. Sr. Renjitha SD, the Copyist. Translators are Rev. Fr. George Punchakunnel and Prof. A.D. Paul Poothokaren. The Historical Commission consisting of Rev. Fr. Thomas Panthaplackal CMI, Rev. Dr. Augustine Kalley, and Rev. Sr. Kusumam SD appointed by the

same Cardinal collected and studied about the Servant of God and submitted a consolidated report expressing their judgment on the authenticity and value of the same with reference to the writings and documents highlighting the personality and Spirituality of the Servant of God.

On 23rd February 2011 the exhumation, identification and replacement of the mortal remains of the Servant of God officiated by Mar Thomas Chakiath, the Episcopal Delegate at St. John's Nepumsian's Church, Konthuruthy in the presence of late Varkey Cardinal Vithayathil, and Mar Sebastian Adayanthrath.

The Miracle Tribunal appointed by me and headed by Rev. Dr. Berchmas Kodackal, Episcopal Delegate, Rev. Dr. Philp Nedumthuruthil VC, the Promoter of Justice, Rev. Sr. Mahima MSJ, the Notary, Rev. Sr. Marietta CHF, the Adjunct Notary and Dr. George V. Thalody, the Medical Expert studied the miraculous healing of Sr. Mercina SD through the intercession of the Servant of God Fr. Varghese Payapilly. On 21st May 2012, the closing ceremony of the Miracle Tribunal was officiated by me at Konthuruthy Parish.

I hereby announce the closing ceremony of the Archdiocesan Tribunal on Monday 12th November 2012 at 09.30 a.m. The ceremony will be held at the Mother House of the Sisters of the Destitute, Chunagamvely presided over by me. Your valuable prayers and presence are solicited.

Yours in Jesus Christ,

+ Geo Alencherry

**George Cardinal Alencherry**
Archbishop
Archeparchy of Ernakulam-Angamaly

Fr. Varghese Pottackal
Chancellor

# മ്ശംശാന, ഹെവ്പ്പദ്യാക്ക്ന, കാറോയ എന്നീ പട്ടക്കാരുടെ അവകാശങ്ങളും കടമകളും

സീറോ മലബാർ സഭയിലെ വൈദികവിദ്യാർത്ഥികൾക്ക് രണ്ട് ചെറുപട്ടങ്ങളും (Minor Orders) രണ്ട് വലിയ പട്ടങ്ങളും (Major Orders) ആണല്ലോ നൽകപ്പെടുന്നത്. ഓരോ പട്ടവും സ്വീകരിക്കുന്നവർ സഭയിൽ നിർവ്വഹിക്കേണ്ട ശുശ്രൂഷകളെപ്പറ്റി വ്യക്തമായ ദൈവശാസ്ത്രപരവും കാനോനികവുമായ ധാരണകൾ സഭയ്ക്കുണ്ട്. പക്ഷേ, ഈ ധാരണകൾക്ക് ചേരാത്ത ശുശ്രൂഷകൾ വൈദികവിദ്യാർത്ഥികൾ നിർവ്വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ വിഷയം 2010 ആഗസ്റ്റിൽ നടന്ന മെത്രാന്മാരുടെ സിനഡിൽ ചർച്ചാവിഷയമായി. അതിന്റെ വെളിച്ചത്തിൽ ബന്ധപ്പെട്ട അധികാരികൾക്ക് ചില നിർദ്ദേശങ്ങൾ നൽകേണ്ടത് ആവശ്യമായിരിക്കുന്നു. അതുകൊണ്ട്, നിലവിലുള്ള പോരായ്മകൾ പരിഹരിച്ച്, ഓരോരുത്തരും സ്വീകരിച്ചിട്ടുള്ള പട്ടത്തിനു ചേർന്ന ശുശ്രൂഷകൾമാത്രം നിർവ്വഹിക്കുവാൻ വൈദികവിദ്യാർത്ഥികൾക്ക് കൃത്യവും വ്യക്തവുമായ ധാരണ നൽകണമെന്ന ഉദ്ദേശ്യത്തോടെയാണ് ഈ നിർദ്ദേശങ്ങൾ നൽകുന്നത്. ഇവ വിശ്വസ്തതാപൂർവ്വം നടപ്പിലാക്കാൻ ശ്രദ്ധിക്കണമെന്ന് സെമിനാരി റെക്ടർമാരോടും സന്യാസസമൂഹശ്രേഷ്ഠന്മാരോടും ഇടവക വൈദികരോടും സ്നേഹപൂർവ്വം നിർദ്ദേശിക്കുന്നു.

**എത്രയുംവേഗം തിരുത്തപ്പെടേണ്ടതായ ചില കാര്യങ്ങൾ**

1) പുരോഹിത പദവിക്കു താഴെയുള്ളവർ (കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന) കാപ്പ ധരിച്ചുകൊണ്ട് ഒരു കർമ്മത്തിലും പങ്കെടുക്കുവാൻ പാടില്ല. അവരവരുടെ പട്ടത്തിനനുസരിച്ചുള്ള തിരുവസ്ത്രങ്ങൾ മാത്രമേ ധരിക്കാവൂ.

2) കാറോയ, ഹെവ്പ്പദ്യാക്ക്ന പട്ടം സ്വീകരിച്ചവർ ആരാധനക്രമങ്ങൾക്കിടെ സുവിശേഷ പ്രഭാഷണം നടത്താൻ പാടില്ല. മ്ശംശാനമാർക്ക് മാത്രമെ അതിന് അനുവാദമുള്ളൂ.

3) കൂദാശപരികർമ്മവേളയിൽ, സഹകാർമ്മികരായ വൈദികരുടെ പ്രാർത്ഥനകൾ മ്ശംശാനമാരോ ചെറുപട്ടങ്ങൾ സ്വീകരിച്ചവരോ ചൊല്ലുവാൻ പാടില്ല.

4) മെത്രാന്മാരും വൈദികരും മാത്രമെ വിശുദ്ധ കുർബാന നേരിട്ട് എടുത്ത് സ്വീകരിക്കാവൂ.

5) മ്ശംശാന, ഹെവ്പ്പദ്‌യാക്ക്ന, കാറോയ എന്നീ പട്ടങ്ങൾ സ്വീകരിച്ച വർക്ക് ചില കൂദാശാനുകരണങ്ങളിൽ കാർമ്മികരാകാമെങ്കിലും കുരിശടയാളത്തിൽ ആശീർവ്വാദം നൽകാൻ പാടുള്ളതല്ല (Particular Law 154, 1, 23).

## മ്ശംശാനയുടെ അവകാശങ്ങളും കടമകളും

സീറോ മലബാർ Particular Law-യിലെ നമ്പറുകൾ ബ്രായ്ക്കറ്റിൽ നല്കിയിരിക്കുന്നു.

1. യാമപ്രാർത്ഥനകൾ ജപിക്കാൻ കടപ്പെട്ടിരിക്കുന്നു (Obligatory) (35).
2. ആരാധനക്രമകർമ്മങ്ങളിൽ ഔദ്യോഗികശുശ്രൂഷി ആകാം (78/1).
3. സുവിശേഷപ്രഭാഷണം നടത്താം (78/1).
4. വിശുദ്ധ കുർബാന നൽകുമ്പോൾ കാസ സംവഹിക്കാം (78/1)
5. വിശുദ്ധ കുർബാന നൽകുന്ന സാധാരണ ശുശ്രൂഷിയാകാം (78/1)
6. Para-liturgical service-ൽ (ഉദാ: വചനശുശ്രൂഷ കാർമ്മികനാകാം) (78/3).
7. പൊതുനിയമമനുസരിച്ച് വൈദികർക്കായി സംവരണം ചെയ്തിരിക്കുന്നവ ഒഴിച്ചുള്ള കൂദാശാനുകരണങ്ങളിൽ കാർമ്മികനാകാം. എന്നാൽ, സമാപനാശീർവ്വാദപ്രാർത്ഥന ചൊല്ലുമ്പോൾ കുരിശടയാളത്തിൽ ആശീർവ്വാദം നൽകാൻ പാടില്ല (മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ്, മൃതസംസ്കാരം, വീടുവെഞ്ചരിപ്പ്, പരിശുദ്ധ കുർബാന എഴുന്നെള്ളിച്ചുവയ്ക്കൽ, പ്രദക്ഷിണം, അടിമ, മനസമ്മത (ഒത്തുകല്യാണ) വേളയിൽ ഔദ്യോഗികസഹായി) (81).
8. വിശുദ്ധ കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ clerical habit ധരിച്ചിരിക്കണം (79).
9. രോഗികളെ സന്ദർശിക്കുക, അവരെ വിശുദ്ധ കുർബാന സ്വീകരണത്തിന് ഒരുക്കുക, അവർക്ക് വിശുദ്ധ കുർബാന നൽകുക (78/4).
10. ഇടവകയിലെ പരസ്നേഹ പ്രവൃത്തികളിൽ സഹായിക്കുക (78/6).

## ഹെവ്പ്പദ്‌യാക്ക്നയുടെ അവകാശങ്ങളും കടമകളും

1. യാമപ്രാർത്ഥനകൾ ജപിക്കാൻ പഠിക്കുകയും, അതിലൂടെ ആദ്ധ്യാത്മിക ജീവിതം പരിപോഷിപ്പിക്കുകയും ചെയ്യുക (31/1).

2. ആരാധനക്രമാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നവ നിർവ്വഹിക്കാനുള്ള അവകാശവും കടമയും അവർക്കുണ്ട്: ധൂപിക്കുക, അൾത്താരയിൽ സഹായിക്കുക (to minister at the sacred altar), തിരുപ്പാത്രങ്ങൾ, ദേവാലയവാതിൽ, കെടാവിളക്ക് എന്നിവയുടെ കാര്യത്തിൽ ശ്രദ്ധിക്കുക, ദേവാലയത്തിലെ ചിട്ടകളും ക്രമങ്ങളും പാലിക്കുക (31/3).

3. വിശുദ്ധ കുർബാന നൽകുന്ന അസാധാരണ ശുശ്രൂഷികളായി മെത്രാന്മാർക്ക് അവരെ നിയോഗിക്കാം (31/4).

4. രൂപതാനിയമം അനുവദിക്കുന്നെങ്കിൽ മൃതസംസ്ക്കാരം, വീടുവെഞ്ചിരിപ്പ് എന്നിവ ഒഴിച്ചുള്ള കൂദാശാനുകരണങ്ങൾ നടത്താൻ ഇടവക വികാരിമാർക്ക് അവരെ നിയോഗിക്കാം (154/1) (മറ്റ് കൂദാശാനുകരണങ്ങൾ, അടിമ, മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ് (154/3).

5. കൂദാശാനുകരണങ്ങൾ പരികർമ്മം ചെയ്യുമ്പോൾ അവർക്ക് സമാപനാശീർവ്വാദ പ്രാർത്ഥന ചൊല്ലാവുന്നതാണ്. എന്നാൽ, കുരിശടയാളത്തോടുകൂടിയുള്ള ആശീർവ്വാദം വൈദികർക്കായി സംവരണം ചെയ്തിരിക്കുന്നു (154/2).

## കാറോയക്കാരന്റെ അവകാശങ്ങളും കടമകളും

1. യാമപ്രാർത്ഥനകൾ ജപിക്കാൻ പഠിക്കുകയും, അതിലൂടെ ആദ്ധ്യാത്മിക ജീവിതം പരിപോഷിപ്പിക്കുകയും ചെയ്യുക (31/1).

2. പഴയനിയമഗ്രന്ഥത്തിന്റെ ഔദ്യോഗിക വായനക്കാരനാകുവാനുള്ള അവകാശവും കടമയുമുണ്ട് (31/2).

3. വിശുദ്ധ കുർബാന നൽകുന്ന അസാധാരണ ശുശ്രൂഷികളായി മെത്രാന്മാർക്ക് അവരെ നിയോഗിക്കാം (31/4).

4. രൂപതാനിയമം അനുവദിക്കുന്നെങ്കിൽ മൃതസംസ്ക്കാരം, വീടുവെഞ്ചിരിപ്പ് എന്നിവ ഒഴിച്ചുള്ള കൂദാശാനുകരണങ്ങൾ നടത്താൻ ഇടവക വികാരിമാർക്ക് അവരെ നിയോഗിക്കാം (154/1) (മറ്റു കൂദാശാനുകരണങ്ങൾ, അടിമ, മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ് (154/3).

5. കൂദാശാനുകരണങ്ങൾ പരികർമ്മം ചെയ്യുമ്പോൾ അവർക്ക് സമാപനാശീർവ്വാദ പ്രാർത്ഥന ചൊല്ലാവുന്നതാണ്. എന്നാൽ, കുരിശടയാളത്തോടുകൂടിയുള്ള ആശീർവ്വാദം വൈദികർക്കായി സംവരണം ചെയ്തിരിക്കുന്നു (154/2).

# മതബോധന ഡിപ്പാർട്ടുമെന്റ്

റിന്യൂവൽ സെന്റർ കലൂർ, കൊച്ചി 682 017.

ഫോൺ: 0484-2346628 • e-mail: catechismernakulam@gmail.com

website: www.catechismernakulam.com

## മതാദ്ധ്യാപക കൺവൻഷൻ 2012

### ഡിസംബർ 08 ശനിയാഴ്ച

പ്രിയ ബഹു. അച്ചന്മാരെ, മതാദ്ധ്യാപകരേ,

അതിരൂപത മതബോധന കേന്ദ്രത്തിൽനിന്നും സ്നേഹാശംസകൾ. നമ്മുടെ **അതിരൂപത മതാദ്ധ്യാപക കൺവൻഷൻ 2012 ഡിസംബർ 8 ശനിയാഴ്ച എറണാകുളം ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ വച്ച്** നടത്തപ്പെടുകയാണ്. ഇട വകയുടെ മതബോധന പ്രവർത്തനങ്ങൾക്ക് രൂപവും ഭാവവും നൽകുന്ന നിങ്ങളുടെ സാന്നിദ്ധ്യം കൺവൻഷനിൽ ഏറെ വിലപ്പെട്ടതാണ്. പ്രസ്തു തപരിപാടിയിലേക്ക് എല്ലാ ബഹു. അച്ചന്മാരെയും, എല്ലാ മതാദ്ധ്യാപക രെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

## പ്രധാന പരിപാടികൾ

### നവംബർ 2012

1 മതബോധന രംഗത്ത് 25, 50 വർഷം പൂർത്തിയാക്കിയ ജൂബിലി യേറിയൻസിന്റെ ലിസ്റ്റ് തരേണ്ട അവസാന തിയതി.

4 മതാദ്ധ്യാപക ദിനം-വി. ചാൾസ് ബോറോമിയോ.

ALIVE 2012 (XII-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള ഫൊറോ നതല സംഗമം) കറുകുറ്റി ഫൊറോന 9.30 am - 4.00 pm.

കറുകുറ്റി ഫൊറോന മതബോധനപ്രധാനദ്ധ്യാപകർ, സെക്രട്ടറി മാർ, ഫൊറോന കൗൺസിൽ മീറ്റിംഗ് (TOGETHER 2012) 2.00 pm

10-11 ബൈബിൾ കലോത്സവം അതിരൂപതാതലം, റിന്യൂവൽ സെന്റർ

13 ENLIGHT 2012 (VIII-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള ഫൊറോനതല ഏകദിന സെമിനാർ) - വല്ലം ഫോറോന.

18 ALIVE 2012 (XII-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള ഫൊറോനതല സംഗമം) ഇടപ്പള്ളി ഫൊറോന 9.30 am - 4.00 pm.

ഇടപ്പള്ളി ഫൊറോന മതബോധനപ്രധാനദ്ധ്യാപകർ, സെക്രട്ടറിമാർ, ഫൊറോന കൗൺസിൽ മീറ്റിംഗ് (TOGETHER 2012) 2.00 pm

24 സംസ്ഥാനതല ലോഗോസ് ക്വിസ് പരീക്ഷ.
ENLIGHT 2012 (VIII-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള ഫൊറോനതല ഏകദിന സെമിനാർ)-മഞ്ഞപ്ര ഫോറോന.

25 ALIVE 2012 (XII-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള ഫൊറോനതല സംഗമം) കാഞ്ഞൂർ ഫൊറോന 9.30 am - 4.00 pm.

കാഞ്ഞൂർ ഫൊറോന മതബോധനപ്രധാനദ്ധ്യാപകർ, സെക്രട്ടറിമാർ, ഫൊറോന കൗൺസിൽ മീറ്റിംഗ് (TOGETHER 2012) 2.00 pm

## ഡിസംബർ 2012

2 ALIVE 2012 (XII-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള ഫൊറോനതല സംഗമം) തൃപ്പൂണിത്തുറ ഫൊറോന 9.30 am - 4.00 pm.

തൃപ്പൂണിത്തുറ ഫൊറോന മതബോധനപ്രധാനദ്ധ്യാപകർ, സെക്രട്ടറിമാർ, ഫൊറോന കൗൺസിൽ മീറ്റിംഗ് (TOGETHER 2012) 2.00 pm

**4 റെഗുലർ സ്കൂൾ സന്മാർഗ്ഗപാഠ പൊതുപരീക്ഷ.**

**8 അതിരൂപതാ മതബോധന കൺവെൻഷൻ.**

9 ALIVE 2012 (XII-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള ഫൊറോനതല സംഗമം) വല്ലം ഫൊറോന 9.30 am - 4.00 pm.

11 റെഗുലർ സ്കൂൾ പരീക്ഷയിൽ 80%ത്തിലധികം മാർക്ക് കിട്ടിയ ഉത്തര കടലാസുകളും ലിസ്റ്റും ഫൊറോനയിൽ എത്തിക്കേണ്ട അവസാന തിയതി.

ഡയറക്ടർ

## ഡിപ്പാർട്ട്മെന്റ് ഓഫ് ബൈബിൾ അപ്പോസ്റ്റോലേറ്റ്

### ലോഗോസ് ക്വിസ് 2012

2012-ലെ ലോഗോസ് ക്വിസിന്റെ മാർക്ക്ലിസ്റ്റും, റാങ്കു ജേതാക്കളുടെ പേരുകളും ഇതിനകം ലഭിച്ചുകാണുമല്ലോ.

**അതിരൂപതാതലത്തിൽ 1 മുതൽ 5 വരെ റാങ്ക് നേടിയവർക്കുള്ള സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും 2012 ഡിസംബർ 16-ാം തിയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00-ന് കലൂർ റിന്യൂവൽ സെന്ററിൽ കൂടുന്ന സമ്മേളനത്തിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വിതരണം ചെയ്യുന്നതാണ്. ലോഗോസ് ക്വിസിന് അതിരൂപതാതലത്തിൽ റാങ്ക് ജേതാക്കളായിട്ടുള്ളവരെ ഈ യോഗത്തിലേയ്ക്കു പറഞ്ഞയയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.**

**അതിരൂപതയിൽ ഏറ്റവും കൂടുതൽ അംഗങ്ങൾ രജിസ്റ്റർ ചെയ്ത് ഒന്നും, രണ്ടും, മൂന്നും സ്ഥാനം കരസ്ഥമാക്കിയ അങ്കമാലി ബസിലിക്കപള്ളി, കൊരട്ടി ഫൊറോനപള്ളി, കാഞ്ഞൂർ ഫൊറോനപള്ളി എന്നിവയ്ക്കുള്ള സമ്മാനങ്ങളും സമ്മേളനത്തിൽ വച്ച് നൽകുന്നതാണ്.** പ്രസ്തുത സമ്മേളനത്തിലേക്ക് റാങ്കു ജേതാക്കളെയും, ബഹു. വൈദികരെയും, സിസ്റ്റേഴ്സിനെയും, മതാദ്ധ്യാപകരെയും, ലോഗോസ് ക്വിസ് കോ-ഓർഡിനേറ്റേഴ്സിനെയും, റാങ്കു ജേതാക്കളുടെ ബന്ധുമിത്രാദികളെയും സ്നേഹപൂർവം ക്ഷണിക്കുന്നു. **1/25 എന്ന ക്രമത്തിലുള്ള മറ്റു സമ്മാനങ്ങൾ 2013 ജനുവരി 31-ന് ഫൊറോന കേന്ദ്രത്തിൽ എത്തിക്കുന്നതാണ്.**

2012-ലെ ലോഗോസ് ക്വിസിൽ 69750 പേരുകൾ രജിസ്റ്റർ ചെയ്ത് സംസ്ഥാന തലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചതിനുള്ള കെ. സി. ബി. സി. ബൈബിൾ കമ്മീഷന്റെ പ്രത്യേക പുരസ്ക്കാരം തുടർച്ചയായി പന്ത്രണ്ടാം തവണയും കരസ്ഥമാക്കുവാൻ നമ്മുടെ അതിരൂപതയെ സഹായിച്ച എല്ലാവർക്കും നന്ദി. **രജിസ്റ്റർ ചെയ്ത 69,750-ൽ 42,103 പേരാണ് പരീക്ഷ എഴുതിയത് എന്ന് അറിയിക്കുന്നു. രജിസ്റ്റർ ചെയ്തതിന്റെ 61 ശതമാനം!!!**

| ഫൊറോന | രജിസ്ട്രേഷൻ | പങ്കെടുത്തവർ | ശതമാനം |
|---|---|---|---|
| Angamaly | 9090 | (4029) | 45% |
| Cherthala | 3336 | (2174) | 66% |
| Edappally | 4032 | (2106) | 53% |
| Ernakulam | 4085 | (2326) | 57% |
| Kanjoor | 6465 | (4557) | 71% |
| Karukutty | 2487 | (1826) | 74%, |
| Kizhakkambalam | 2699 | (1682) | 63%, |
| Koratty | 6905 | (4296) | 63% |
| Manjapra | 3982 | (2774) | 70% |
| Mookkannoor | 2362 | (1687) | 72% |
| Moozhikkulam | 2479 | (1986) | 80% |
| Pallippuram | 2108 | (1408) | 67% |
| Paravur | 4834 | (3364) | 70% |
| Thripunithura | 5058 | (2102) | 42% |
| Vaikom | 3470 | (2538) | 74% |
| Vallam | 4355 | (3130) | 72% |

# ബൈബിൾ കലോത്സവം

**വിശ്വാസവർഷ ബൈബിൾ കലോത്സവം 2012**

**അതിരൂപതാതല മത്സരങ്ങൾ**

***2012 നവംബർ 10, 11, (ശനി, ഞായർ) തീയതികളിൽ***

***സ്ഥലം : റിന്യൂവൽ സെന്റർ, കലൂർ***

വിശദവിവരങ്ങൾക്ക് www.catechismernakulam.com സന്ദർശിക്കുക

കൂടുതൽ വിവരങ്ങൾ അറിയാൻ ഇതേ സൈറ്റിലെ ask your doubt കോളത്തിൽ ചോദിക്കുക

ഡയറക്ടർ

# FAMILY APOSTOLATE CENTRE

**Renewal Centre:** Azad Road, Kaloor 682017.
Tel.: 0484-2346437, 2533077
**Jeevalaya**: Chengal, Kalady 683574.
Tel.: 0484-2462607, 9387074649

## 2012 NOVEMBER-DECEMBER

**I. Marriage Preparation Course (MPC)**

| | | | | | |
|---|---|---|---|---|---|
| Nov. | 05-07 | Kaloor | Dec. | 03-05 | Karukutty |
| Nov. | 12-14 | Karukutty | Dec. | 10-12 | Kaloor |
| Nov. | 19-21 | Kaloor | Dec. | 17-19 | Kaloor |
| Nov. | 26-28 | Kaloor | Dec. | 27-29 | Kaloor |

**II. At Jeevalaya Family Park, Kalady**
**(0484-2462607, 9387074649)**

**1. Grace Rings Couple's Weekend (Residential)**

Nov. 09-11 Dec. 08-10 Dec. 21-23

**2. Smart Parenting**

Dec. 16

**III. Snehaprasadham Couples Weekend (Non Residential)**

Nov. 16-18 Karayamparambu
Nov. 16-18 Perumanoor
Nov. 30- Dec. 02 Thannikal

**IV. Marriage Enrichment Seminar (MES)**

Nov. 17 N. Champannoor

**V. Vivahotsav - 2012 (Jubilarian Couples Seminar)**

| | | | | | |
|---|---|---|---|---|---|
| Nov. | 3 | Manjapra | Nov. | 10 | Koratty |
| Nov. | 3 | Mookkannoor | Nov. | 10 | Karukutty |

**VI. Special Days**

Nov. 24 Annual day

**VII. Pankali Darsan**

Nov. 25 Parur

**VIII. Nov. 04** – Jeevalaya Family Park Inauguration at Kalady

## വാർഷീകാഘോഷം

നമ്മുടെ അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ 36-ാമത് വാർഷീകാഘോഷം 2012 നവംബർ 24-ന് ശനിയാഴ്ച രാവിലെ 09.30 മുതൽ വൈകിട്ട് 04.00 വരെ കലൂർ റിന്യൂവൽ സെന്ററിൽ ആഘോഷിക്കുന്നു. 'സഭാ സാന്നിദ്ധ്യം കുടുംബത്തിൽ' എന്ന വിഷയത്തെക്കുറിച്ച് ഗഹനമായ ക്ലാസ്സും ചർച്ചയും സംഘടിപ്പിച്ചിരിക്കുന്ന വിവരം ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. ബഹു. വികാരിമാരേയും എല്ലാ ഇടവക കുടുംബപ്രേഷിത കോ-ഓഡിനേറ്റർമാരേയും, സെക്രട്ടറിമാരേയും, സിസ്റ്റർ ആനിമേറ്റർമാരേയും ഈ ആഘോഷത്തിലേക്ക് ക്ഷണിക്കുന്നു

### കുടുംബപ്രേഷിത കേന്ദ്രം ഓഫീസ്

## വൈക്കം വെൽഫെയർ സെന്ററിൽ

2012 ഒക്ടോബർ മാസം 1-ാം തിയതി അതിരൂപതാ കുടുംബപ്രേഷിത കേന്ദ്രത്തിന്റെ റീജിയണൽ ഓഫീസ് വൈക്കം വെൽഫെയർ സെന്ററിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഫോൺ നമ്പർ: 9495411200

ഡയറക്ടർ

---

# സോഷ്യൽ സർവ്വീസസ്

**പൊന്നുരുന്നി, കൊച്ചി 682 019. ഫോൺ: 0484-2344243.**

**സ്വാഗതം**

വെൽഫെയർ സർവീസസിൻെറ അസിസ്റ്റൻറ് ഡയറക്ടറായി നിയമിതനായ ഫാ. സേവി പടിക്കപ്പറമ്പിലിന് സ്വാഗതവും വിജയാശംസകളും നേരുന്നു.

**ഹരിതജീവൻ പരിശീലനം**

ഹരിതജീവൻ പരിസ്ഥിതി പരിപാലന പദ്ധതിയുടെ ഭാഗമായി സന്നദ്ധ പ്രവർത്തകർക്കുള്ള രണ്ടാംഘട്ട പരിശീലനം പൊന്നുരുന്നിയിൽ സംഘടിപ്പിച്ചു. ഇടവകതലത്തിൽ പരിസ്ഥിതി പരിപാലനം, ബയോഗ്യാസ് പ്ലാൻറുകൾ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, ജല സംരക്ഷണം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നടത്തുന്നതിന് ഓഫീസിൽനിന്ന് പരിശീലകരെ നൽകുന്നതാണ്.

പരിസ്ഥിതി പരിപാലന പദ്ധതിയുടെ ഭാഗമായി ഓരോ ഇടവകയിലും സംഘടിപ്പിച്ചതും സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങൾ പൊന്നുരുന്നി ഓഫീസിലേക്ക് എഴുതി അറിയിക്കുവാൻ ശ്രദ്ധിക്കണെ. സഹൃദയ ജാലകത്തിൽ പ്രസിദ്ധീകരിക്കുന്നതിനും ഗ്രീൻ പാരീഷ് അവാർഡിനു പരിഗണിക്കുന്നതിനും ഇത് സഹായിക്കും.

### ബയോഗ്യാസ് പ്ലാൻറിന് സബ്സിഡി

ബയോഗ്യാസ് പ്ലാൻറുകൾക്ക് അനെർട്ട് സബ്സിഡി പ്രഖ്യാപിച്ചു. ഒരു ക്യുബിക് മീറ്റർ മുതൽ പത്ത് ക്യുബിക് മീറ്റർ വരെയുള്ള പ്ലാൻറുകൾക്ക് 8000 രൂപയാണ് സബ്സിഡിയായി ലഭിക്കുക. ഈ സബ്സിഡി ലഭ്യമാക്കി പ്ലാൻറ് നിർമ്മിക്കുന്നതിന് പൊന്നുരുന്നി ഓഫീസിൽ ബന്ധപ്പെട്ടാൽ മതിയാകും. പുകശല്യമില്ലാത്ത അടുപ്പുകൾക്കും കമ്മ്യൂണിറ്റി അടുപ്പുകൾക്കും ഇപ്പോൾ സബ്സിഡി ലഭിക്കുന്നു.

### സോളാർ ലൈറ്റിംഗ്/വാട്ടർ ഹീറ്ററിന് സബ്സിഡി

വീടുകളിലും സ്ഥാപനങ്ങളിലും വൈദ്യുതിക്കായി ഉപയോഗിക്കാവുന്ന സൗരോർജ്ജ ലൈറ്റിംഗ് സിസ്റ്റത്തിന് അനെർട്ടിൻെറ സബ്സിഡി ലഭിക്കുന്നു. ഒരു കിലോ വാട്ട് വൈദ്യുതി ലഭിക്കുന്ന സിസ്റ്റത്തിന് ഏകദേശം 2–2.5 ലക്ഷം രൂപ ചെലവു വരും. ഇതിൽ ഒരു ലക്ഷത്തി പതിനയ്യായിരം രൂപ സബ്സിഡി ലഭിക്കുന്നതാണ്. വാട്ടർ ഹീറ്ററിനും സബ്സിഡി നൽകിവരുന്നു. 100 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ഹീറ്ററിന് ഏകദേശം 18,000 മുതൽ 20,000 രൂപ വരെ ചെലവാകും. ഇതിൽ 7,000 രൂപ സബ്സിഡിയായി ലഭിക്കും. ഈ പദ്ധതികൾ 2012 ഡിസംബർ 10 വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ എന്ന് അനെർട്ട് അറിയിപ്പുണ്ട്.

### വികലാംഗ സംഗമം

അന്താരാഷ്ട്ര വികലാംഗ ദിനാചരണത്തിൻെറ ഭാഗമായി അതിരൂപതാ വികലാംഗ പുനരധിവാസ പദ്ധതിയുടെ ആഭിമുഖ്യത്തിൽ പറവൂർ മേഖലയിലെ ശാരീരിക, മാനസിക വൈകല്യമുള്ളവരുടെ സംഗമം ഡിസംബർ 3-ന് പറവൂരിൽ സംഘടിപ്പിക്കുന്നു.

## സഹായ, വായ്പാ വിതരണ വിവരം സെപ്റ്റംബർ 2012

| പദ്ധതി | വായ്പ | സഹായം |
|---|---|---|
| **വെസ്കോ ക്രെഡിറ്റ്** | | |
| സ്വയം തൊഴിൽ വായ്പ (206 സംഘങ്ങൾ) | 2,52,81,500.00 | |
| സഹൃദയ ആരോഗ്യ സുരക്ഷാ സ്കീം | | 18,46,283.00 |

**സേവ് എ ഫാമിലി പ്ലാൻ**

| | | |
|---|---|---|
| കുടുംബ സ്ഥിരസഹായപദ്ധതി (96) | | 15,85,115.00 |
| സ്പെഷ്യൽ ഗിഫ്റ്റ് (46) | | 30,222.00 |
| കർമ്മശ്രീ സ്വയം തൊഴിൽ സഹായം (32) | | 4,79,550.00 |

**സ്നേഹ ഫൗണ്ടേഷൻ**

| | | |
|---|---|---|
| കുടുംബ സഹായം | | 6,000.00 |
| ചികിത്സാ സഹായം | | 6,000.00 |
| മാനസിക ചികിത്സാ സഹായം | | 3,000.00 |
| വിദ്യാഭ്യാസ സഹായം | | 3.000.00 |
| വിവാഹ സഹായം | | 15,000.00 |
| **ആകെ** | **2,52,81,500.00** | **39,74,170.00** |

## അതിരൂപതാ സഹായനിധി സെപ്റ്റംബർ 2012

| ഫൊറോന | വിവാഹം | ചികിത്സ | ഭവനം | വിദ്യാഭ്യാസം |
|---|---|---|---|---|
| കൊരട്ടി | 8,000.00 | 2,500.00 | ... | ... |
| അങ്കമാലി | 2,500.00 | 10,000.00 | ... | 1,500.00 |
| മഞ്ഞപ്ര | ... | 1,500.00 | ... | ... |
| മൂഴിക്കുളം | 10,000.00 | 3,500.00 | ... | ... |
| കാഞ്ഞൂർ | 9,000.00 | 10,500.00 | ... | ... |
| വല്ലം | ... | 1,500.00 | ... | ... |
| എറണാകുളം | 5,500.00 | ... | ... | ... |
| കിഴക്കമ്പലം | ... | ... | ... | ... |
| ഇടപ്പള്ളി | ... | 2,500.00 | ... | ... |
| പറവൂർ | 10,000.00 | 12,000.00 | 1,500.00 | 4,000.00 |
| തൃപ്പൂണിത്തുറ | 2,500.00 | ... | ... | ... |
| വൈക്കം | ... | 3,000.00 | ... | 1,500.00 |
| പള്ളിപ്പുറം | 3,000.00 | 3,500.00 | ... | ... |
| ചേർത്തല | 5,500.00 | 6,500.00 | ... | 2,500.00 |
| കറുകുറ്റി | ... | ... | ... | ... |
| മുക്കന്നൂർ | ... | ... | ... | ... |
| **ആകെ** | **60,500.00** | **57,000.00** | **1,500.00** | **10,500.00** |

ഡയറക്ടർ

## DEPARTMENT OF EVANGELIZATION AND PRAYER GROUPS

Renewal Centre, Kaloor, Kochi-17 Tel: 04842346289, 9387074656
E-mail: evangelizationekm@gmail.com


അതിരൂപത വചനപ്രഘോഷണ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇടവക നവീകരണ ധ്യാനങ്ങൾ ദൈവാനുഗ്രഹത്താൽ നന്നായി നടത്തപ്പെടുന്നു. എല്ലാ സഹായസഹകരണങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും ഒത്തിരി നന്ദി. 2012 നവംബർ മാസത്തിലെ പരിപാടികൾ ചുവടെ ചേർക്കുന്നു.

### 2012 നവംബർ മാസത്തെ പ്രോഗ്രാമുകൾ

16-18 ധ്യാനം - ലിറ്റിൽ ഫ്ളവർ ചർച്ച് - കവരപ്പറമ്പ്.
22-24 ധ്യാനം - ഫ്രാൻസിസ് സേവ്യർ ചർച്ച് - കുത്തിയതോട്.
25-27 കൺവെൻഷൻ - സൗത്ത് പറവൂർ.
28-30 ധ്യാനം - ഗോതുരുത്ത്.

ഡയറക്ടർ

## ചിറ്റൂർ ധ്യാനകേന്ദ്രം

*(സ്നേഹശുശ്രൂഷാലയം)*

ഫോൺ: 0484-2430508, 94460 40508

### അറിയിപ്പുകൾ

1. **യുവജനധ്യാനം**

എല്ലാ മാസവും രണ്ടാം ശനിയാഴ്ച ഉൾക്കൊള്ളുന്ന വെള്ളിയാഴ്ചകളിൽ രാവിലെ 9.00 മുതൽ ഞായറാഴ്ച വൈകിട്ട് 4.00 വരെ.

**ധ്യാന ദിവസങ്ങൾ**

നവംബർ 9, രാവിലെ 9.00 മുതൽ 11 വൈകിട്ട് 4.00 വരെ.
ഡിസംബർ 7, രാവിലെ 9.00 മുതൽ 9 വൈകിട്ട് 4.00 വരെ.

2. **ആന്തരികസൗഖ്യധ്യാനം**

എല്ലാ വെള്ളിയാഴ്ചയും വൈകിട്ട് 5.00 മണിക്കാരംഭിച്ച് ബുധനാഴ്ച ഉച്ചതിരിഞ്ഞ് 2.00 മണിവരെ.

ധ്യാനദിവസങ്ങൾ

02 വെള്ളി വൈകിട്ട് 5.00 മുതൽ 10 ബുധൻ ഉച്ചക്ക് 2.00 വരെ.
09 വെള്ളി വൈകിട്ട് 5.00 മുതൽ 17 ബുധൻ ഉച്ചക്ക് 2 വരെ.
16 വെള്ളി വൈകിട്ട് 5.00 മുതൽ 24 ബുധൻ ഉച്ചക്ക് 2.00 വരെ.
23 വെള്ളി വൈകിട്ട് 5.00 മുതൽ 31 ബുധൻ ഉച്ചക്ക് 2.00 വരെ.
30 വെള്ളി വൈകിട്ട് 5 മുതൽ ഡിസം. 05 ബുധൻ ഉച്ചക്ക് 2 വരെ

3. **ഉപവാസപ്രാർത്ഥന**

എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.00 മുതൽ 3.00 വരെ (ജപമാല, വചനപ്രഘോഷണം, വിശുദ്ധ കുർബ്ബാന, കരുണക്കൊന്ത, ദിവ്യകാരുണ്യ ആരാധന)

രാവിലെ 9.00 മുതൽ 12.00 വരെ കുമ്പസാരത്തിന് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

* ദിവ്യകാരുണ്യപ്രദക്ഷിണം രണ്ടാമത്തെ വെള്ളിയാഴ്ചകളിൽ
* ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിന് മൂന്നാമത്തേയും, നാലാമത്തേയും വെള്ളിയാഴ്ചകളിൽ അവസരം ഉണ്ടായിരിക്കും.

4. **ജാഗരണ പ്രാർത്ഥന**: എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 9.00 മുതൽ ശനി വെളുപ്പിന് 2.00 വരെ

5. **ക്രിസ്റ്റീൻ കൂട്ടായ്മ** : രണ്ടാം ശനിയാഴ്ചകളിൽ രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 3.00 മണിവരെ.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. ചിറ്റൂർ ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇടവകകളിലോ മറ്റ് സ്ഥാപനങ്ങളിലോ ധ്യാനങ്ങളോ കൺവെൻഷനുകളോ നടത്തണമെന്ന് ആഗ്രഹമുള്ളവർ ഇടവകയിലെ ബഹു.വികാരിയച്ചന്മാർ വഴി ചിറ്റൂർ ധ്യാനകേന്ദ്രം ഡയറക്ടറുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. അല്ലാത്തവ സ്വീകാര്യമല്ല.
2. ധ്യാനകേന്ദ്രത്തിലെ വചനപ്രഘോഷകരെ പ്രത്യേകമായി വിളിച്ച് ധ്യാനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ധ്യാനകേന്ദ്രം ഡയറക്ടറുടെ അറിവോടും അനുവാദത്തോടുകൂടി മാത്രമെ ആകാവൂ.
3. ധ്യാനം കൂടുന്നതിന് മുറി ആവശ്യമുള്ളവർ നേരത്തെതന്നെ ഓഫീസിൽ വിളിച്ച് മുറികൾ ബുക്ക് ചെയ്യേണ്ടതാണ്.

ഫാ. ജോസഫ് താമരവെളി (ഡയറക്ടർ)

# Learning disability Training Programme at Samannuwya

A one day intense training programme on Learning Disability is scheduled to be held on November 24 at Samannuwya Counseling and Psycho-social Training Centre, Renewal Centre, Kaloor.

The proogramme is led by trained and experienced **professional LD Remediation Therapists** active in the field.

Topics include:

1. Learning Disability: Definition, Prevalence, Scope, Nature, Morbid Conditions, Types, especially. ADHD.
2. Identification Training in LD: Tests, Tools and Administration of Tests for LD.
3. Remedial Strategy for LD in Speaking, Reading, Writing and Mathematics.

Time and Date: **9.30 am to 4 pm on November 24, 2012**

Degree holders and students in Psychology, Social Works, Education, School Counselors, Teachers and those who have some knowledge, experience and interest in the field can participate. Certificate will be awarded to the successful participants.

Fee: Rs. 400.00 including cost of food.

Those who are interested may kindly **register before Nov. 15**.

Director, Samannuwya
Renewal Centre, Azad Road, Kaloor, Kochi
Ph. 04842343245, 9497277737

# കെ.സി.വൈ.എം

**പുതിയ ഫൊറോന ഡയറക്ടേഴ്സ്**
കാഞ്ഞൂർ ഫൊറോന ഡയറക്ടർ സ്ഥാനത്തുനിന്ന് മാറി മൂക്കന്നൂർ ഫൊറോനയുടെ പ്രഥമ ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട റവ. ഫാ. ജേക്കബ് കോറോത്തിന് നന്ദിയും ഭാവി പ്രവർത്തനങ്ങൾക്ക് ആശംസകളും അറിയിക്കുന്നു.

കാഞ്ഞൂർ ഫൊറോനയുടെ പുതിയ ഡയറക്ടറായി ചാർജെടുത്തിരിക്കുന്ന റവ. ഫാ. ജോസ് കാരാച്ചിറയ്ക്ക് അനുമോദനങ്ങളും സ്വാഗതവും നേരുന്നു.

**ഫൊറോന യുവജന കൺവെൻഷനുകൾ**
കെ.സി.വൈ.എം. ന്റെ ഫൊറോന പ്രവർത്തനങ്ങളെ മികവുറ്റതാക്കുന്നതിനും കൂടുതൽ യുവജനങ്ങളെ സംഘടനാ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്നതിനും മഞ്ഞപ്ര, ചേർത്തല ഫൊറോനകളിൽ 'യുവസ്പന്ദനങ്ങൾ' എന്ന പേരിൽ യുവജന കൺവെൻഷനുകൾ നടത്തപ്പെട്ടു. You Cat (യുവജന മതബോധനഗ്രന്ഥം) നെക്കുറിച്ച് പഠന ശിബിരവും നടന്നു.

**അവയവദാന സമ്മതപത്രങ്ങൾ കൈമാറി**
അവയവദാന ബോധവത്കരണത്തിന്റെ ഭാഗമായി ഫാ. ഡേവിസ് ചിറമേൽ കേരളം മുഴുവൻ നടത്തിയ മാനവ കാരുണ്യയാത്രയുടെ അങ്കമാലിയിലെ സ്വീകരണത്തിൽ കെ.സി.വൈ.എം. പ്രവർത്തകർ പങ്കാളികളായി. അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ് ഉദ്ഘാടനം ചെയ്ത സ്വീകരണ സമ്മേളനത്തിൽ അങ്കമാലി മേഖലയിലെ കെ.സി.വൈ.എം പ്രവർത്തകർ തങ്ങളുടെ അവയവദാന സമ്മത പത്രങ്ങൾ കൈമാറി.

**യുവജന മതസൗഹാർദസംഗമം നടത്തി**
വിവിധ മതവിഭാഗങ്ങളിലെ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഏകദിന മതസൗഹാർദ സംഗമം റിന്യുവൽ സെന്ററിൽ സംഘടിപ്പിച്ചു. അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ് ഉദ്ഘാടനം ചെയ്ത സംഗമത്തിൽ സ്വാമി ശിവസ്വരൂപാനന്ദ അനുഗ്രഹപ്രഭാഷണം നടത്തി. ശ്രീ. അബ്ദു സമദ് സമദാനി, ശ്രീ മാടമ്പി കുഞ്ഞുകുട്ടൻ, റവ. ഡോ. പോൾ തേലക്കാട്ട് തുടങ്ങിയവർ പ്രബന്ധങ്ങൾ

അവതരിപ്പിച്ചു. ശ്രീ. ജോണി ലൂക്കോസ്, ശ്രീ. ജോൺ പോൾ, അഡ്വ. ജയശങ്കർ എന്നിവർ സംവാദം നടത്തി. റവ. ഡോ. കുര്യാക്കോസ് മുണ്ടാടൻ മോഡറേറ്ററായിരുന്നു. വിവിധ മതനേതാക്കന്മാർ നയിച്ച സർവ്വമത പ്രാർത്ഥന നടന്നു. സമാപന സമ്മേളനം അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. ശ്രീ. ബി. കെമാൽ പാഷ മുഖ്യസന്ദേശം നല്കി. വിശിഷ്ട വ്യക്തികളും വിവിധ മതങ്ങളുടെ പ്രതിനിധികളും സംഗമത്തിൽ പങ്കെടുത്തു.

**യുവജനസെമിനാറുകൾ നടത്തി**

എളമക്കര, നെട്ടൂർ എന്നീ ഇടവകകളിലെ യുവജന സെമിനാറുകൾക്ക് അതിരൂപത റിസോഴ്സ് ടീം നേതൃത്വം കൊടുത്തു. ഇടവകയിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇത്തരം സെമിനാറുകൾ നടത്തുവാൻ താത്പര്യമുള്ളവർ അറിയിക്കുമല്ലോ.

ഡയറക്ടർ

ഫോൺ: 9747672473, 0484-2453048

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

## കൗൺസലിംഗ് ക്യാമ്പ്

അതിരൂപതാ മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാനതല കൗൺസലിംഗ് ക്യാമ്പ് 2012 നവംബർ 16, 17 (വെള്ളി, ശനി) തീയതികളിൽ കലൂർ റിന്യൂവൽ സെന്ററിൽ നടത്തുന്നു. 16-ന് രാവിലെ 9.30-ന് ആരംഭിച്ച് 17-ന് ഉച്ചയ്ക്ക് 1.00 മണിയോടെ സമാപിക്കും. രജി. ഫീസ് 250.00 രൂപ ഇടവകകളിൽനിന്നു താല്പര്യമുള്ളവരെ പങ്കെടുപ്പിക്കുമല്ലോ. ബഹു. സിസ്റ്റേഴ്സിനും പങ്കെടുക്കാവുന്നതാണ്. പ്രഗത്ഭരായ മനഃശാസ്ത്രജ്ഞന്മാർ ക്ലാസുകൾക്ക് നേതൃത്വം നല്കും.

ഡയറക്ടർ

# അതിരൂപത ദൈവവിളിദിന പോസ്റ്റർ

## അടിക്കുറിപ്പ് മത്സര വിജയികൾ

### ഒന്നാം വിഭാഗം

ഒന്നാം സമ്മാനം

ഗോഡ് വിൻ ആന്റോ പൂണേലി (ക്ലാസ്സ് 8)
സെന്റ് ആന്റണീസ് ചർച്ച് നടുവട്ടം

രണ്ടാം സമ്മാനം

ജിയ ജോയ് (ക്ലാസ്സ് 7)
ലിറ്റിൽ ഫ്ളവർ ആശ്രമം ചർച്ച്, മൂക്കന്നൂർ

മൂന്നാം സമ്മാനം

സച്ചു എൽ. ചീരകത്തിൽ (ക്ലാസ്സ് 8)
സെന്റ് ആന്റണീസ് ചർച്ച്, ഇടക്കുന്ന്

### രണ്ടാം വിഭാഗം

ഒന്നാം സമ്മാനം

ക്രിസ്റ്റീന ജോയ് മുരിയാത്ത് (ക്ലാസ്സ് 9)
സേക്രഡ് ഹാർട്ട് ചർച്ച്, താമരച്ചാൽപുരം

രണ്ടാം സമ്മാനം

അഞ്ചന സാജൻ തെക്കെയിൽ അയിരൂക്കാരൻ (ക്ലാസ്സ് 12)
സെന്റ് ആന്റണീസ് ചർച്ച്, ഇടക്കുന്ന്


മൂന്നാം സമ്മാനം

നീതു ഡൊമിനിക് വലിയവീട്ടിൽ (ക്ലാസ്സ് 9)
സെന്റ് ജോസഫ് ചർച്ച്, സൗത്ത് വെള്ളാരപ്പള്ളി

മത്സരത്തിൽ വിജയികളായവർക്ക് അഭിനന്ദനങ്ങൾ. പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകിച്ച് ബഹു. വികാരിയച്ചന്മാർക്കും നന്ദി പറയുന്നു.

വൊക്കേഷൻ പ്രൊമോട്ടർ

# നിര്യാതരായി



## ഫാ. ജോസഫ് ഭരണികുളങ്ങര

ജനനം: 12.06.1932
വൈദികപട്ടം: 13.03.1959
മരണം: 08.10.2012

ഇടക്കുന്ന് സെന്റ് പോൾസ് വൈദിമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്ന ബഹു. ജോസഫ് ഭരണികുളങ്ങര അച്ചൻ തന്റെ അവസാന നാളുകളിൽ രോഗത്തിന്റെ ശാരീരിക അസ്വാസ്ഥ്യങ്ങളാൽ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. രോഗത്തിന്റെ ക്ഷീണവും മറ്റും അലട്ടിയിരുന്നപ്പോഴും എപ്പോഴും വളരെ ശാന്തനായും സുസ്മേരവദനനായും കാണപ്പെട്ട അച്ചൻ തികഞ്ഞ ഒരുക്കത്തോടെയാണ് മരണത്തെ സ്വാഗതം ചെയ്തത്. വളരെ അപ്രതീക്ഷിതമായിട്ടായിരുന്നു 2012 ഒക്ടോബർ 08-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3.00ന് അങ്കമാലി എൽ. എഫ് ആശുപത്രിയിൽ വച്ച് തന്റെ 80-ാമത്തെ വയസ്സിൽ അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്.

ബഹു. ജോസഫ് അച്ചൻ തുറവൂർ നോർത്ത് ഇടവകയിൽ ഭരണികുളങ്ങര തറവാട്ടിൽ ആഗസ്തി-കുഞ്ഞന്നം ദമ്പതികളുടെ ഏഴു മക്കളിൽ നാലാമനായി 1932 ജൂൺ മാസം 12-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം എറണാകുളം സെമിനാരിയിൽ ചേർന്ന ജോസഫ് മംഗലപ്പുഴ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കി. 1959 മാർച്ച് 13-ാം തീയതി കർദ്ദിനാൾ ജോസ്ഫ് പാറേക്കാട്ടിൽ പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

അതിരൂപതയിലെ വൈക്കം, വെച്ചൂർ ഇടവകകളിൽ സഹവികാരിയായും തുടർന്ന് തൃണേയംകുടം ഇടവകയിൽ പ്രൊവികാരിയായും ഉഴുവ, കുന്നുംപുറം, കുറ്റിപ്പുഴ, മുരിങ്ങൂർ, ചെത്തിക്കോട്, മേരിഗിരി, പഴങ്ങനാട്, കൊറ്റമം, മലയാറ്റൂർ, മഞ്ഞപ്ര, കാടുകുറ്റി, കരുമാലൂർ എന്നീ ഇടവകകളിൽ വികാരിയായും അങ്കമാലി എൽ. എഫ്. ആശുപത്രിയിൽ ആത്മീയ ഉപദേഷ്ടാവായും സേവനമ

നുഷ്ഠിച്ചു. 2009 മുതൽ ഇടക്കുന്ന് സെന്റ് പോൾസ് വൈദികമന്ദിരത്തിലായിരുന്നു അച്ചന്റെ വിശ്രമജീവിതം.

അങ്കമാലി എൽ. എഫ്. ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ച മൃതദേഹം 11-ാം തീയതി വ്യാഴാഴ്ച രാവിലെ 8 മണിക്ക് ഇടക്കുന്ന് സെന്റ് പോൾസ് വൈദികമന്ദിരത്തിൽ പൊതുദർശനത്തിനുവക്കുകയും അച്ചനുവേണ്ടി ബലിയർപ്പിക്കുകയും ചെയ്തു. 10 മണിയോടുകൂടെ തുറവൂരുള്ള അച്ചന്റെ തറവാട്ടിൽ പൊതുദർശനത്തിനുവച്ചു. ഉച്ചകഴിഞ്ഞ് 1 മണിക്ക് മൃതദേഹം അച്ചന്റെ മാതൃ ഇടവകയായ തുവൂർ നോർത്ത് പള്ളിയിലേക്ക് കൊണ്ടുവന്നു. ബഹു. ജോസഫ് ഭരണികുളങ്ങരയച്ചന്റെ മൃതസംസ്കാര കർമ്മങ്ങളോടനുബന്ധിച്ചുള്ള വി. കുർബാന ഉച്ചകഴിഞ്ഞ് 3.00 മണിക്ക് മാർ കുര്യാക്കോസ് ഭരണികുളങ്ങര പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെയും ധാരളം വൈദികരുടെയും സഹകാർമ്മികത്വത്തിലുമാണ് അർപ്പിച്ചത്. ധാരാളം സിസ്റ്റേഴ്സും അൽമായസഹോദരങ്ങളും അതിൽ പങ്കുചേർന്നു. ബഹു. പോൾ മണവാളനച്ചൻ തിരുവചന സന്ദേശം നൽകി. മൃതസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗം മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലാണ് നടത്തിയത്. റോമിലെ സിനഡിൽ സംബന്ധിച്ചുകൊണ്ടിരിക്കുന്ന കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ അനുശോചനാ സന്ദേശം വി. കുർബാനയ്ക്കുമുമ്പ് വായിച്ചു. മാർ തോമസ് ചക്യത്ത് പിതാവ് നേരത്തെതന്നെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

നീണ്ട 53 വർഷങ്ങൾ കർത്താവിന്റെ പൗരോഹിത്യത്തിൽ പങ്കുചേർന്ന് വിശ്വസ്തതാപൂർവ്വം ശുശ്രൂഷചെയ്ത് ദൈവപിതാവിന്റെ പക്കലേക്ക് ബഹു. ജോസഫ് ഭരണികുളങ്ങര അച്ചൻ മടങ്ങുമ്പോൾ ധന്യമായ ധാരാളം നല്ല ഓർമ്മകൾ ആ ജീവിതത്തെക്കുറിച്ച് നമ്മുടെ മനസ്സുകളിൽ തങ്ങിനില്പുണ്ട്. ഇടവകകളായിരുന്നു അച്ചന്റെ പ്രധാന പ്രേഷിതരംഗം. തന്നെ ഏൽപിച്ച എല്ലാ ഇടവകകളിലും തന്റെ എല്ലാ ഉത്തരവാദിത്വങ്ങളും വിശ്വസ്തതാപൂർവം ശുശ്രൂഷാമനോഭാവത്തോടെ നിർവ്വഹിക്കുവാൻ അച്ചന് കഴിഞ്ഞു. എന്നും അതിരൂപതാധികാരികളോട് ചേർന്ന് പ്രവർത്തിക്കുവാൻ അച്ചൻ ശ്രദ്ധിച്ചിട്ടുണ്ട്. ദൈവജനത്തെ എന്നും ആത്മീയതയിലും വിശ്വാസത്തിലും വളർത്തുവാൻ അച്ചൻ പ്രകടിപ്പിച്ച താൽപര്യം

ശ്രദ്ധേയമാണ്. അച്ചന്റെ ജീവിത ലാളിത്യം ഏവർക്കും എന്നും മാതൃകയും അനുകരണീയവുമാണ്. ആഴമേറിയ വ്യക്തിബന്ധങ്ങൾ വളർത്തുന്നതിനും മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരെ സഹായിക്കുന്നതിനും അച്ചൻ എന്നും താൽപര്യമെടുത്തിരുന്നു. വലിയകാര്യങ്ങൾ ചെയ്യുക എന്നതായിരുന്നില്ല, മറിച്ച് ചെയ്യുന്ന കാര്യങ്ങൾ വലിയ വിശ്വസ്തതയോടെ ചെയ്യുക എന്നതായിരുന്നു അച്ചന്റെ പ്രവർത്തനശൈലി. ഒച്ചപ്പാടുകളും ബഹളങ്ങളുമില്ലാത്ത ശാന്തമായ ആ ജീവിതം നിത്യശാന്തിയുടെ തീരങ്ങളിൽ ദൈവത്തോടൊപ്പമായിരിക്കും എന്ന് നമുക്ക് വിശ്വസിക്കാം.

ബഹു. ജോസഫച്ചന്റെ ദൈവാനുഗ്രഹസമ്പന്നമായ ജീവിതം നമുക്ക് എന്നും നന്ദിയോടെ ഓർക്കാം. ഈ അതിരൂപതയ്ക്കും സഭയ്ക്കും സമൂഹത്തിനും അച്ചനിലൂടെ ദൈവം നൽകിയ നിരവധിയായ അനുഗ്രഹങ്ങളെയോർത്ത് നമുക്ക് നമ്രശിരസ്ക്കരാകാം. അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ വീണ്ടും നമുക്ക് ഒന്നിക്കാം എന്നുള്ള പ്രത്യാശയോടെ എറണാകുളം-അങ്കമാലി അതിരൂപത അച്ചനെ സ്വർഗ്ഗീയ ഭവനത്തിലേക്ക് സ്നേഹപൂർവ്വം യാത്രയാക്കുന്നു.



## ഫാ. സാമുവൽ മലമേൽ

ജനനം: 18.08.1941
വൈദികപട്ടം: 10.03.1967
മരണം: 18.10.2012

ബഹു. സാമുവൽ മലമേൽ അച്ചൻ ദീർഘകാലമായി തൃക്കാക്കര വിജോഭവനിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. വളരെക്കാലം പലവിധ അസുഖങ്ങളാലും അച്ചൻ ശാരീരികമായി വളരെയധികം ക്ലേശങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. കാഴ്ചക്കുറവ്മൂലവും ഏറെ ബുദ്ധിമുട്ടേണ്ടി വന്നു. അവസാനനാളുകളിൽ നടക്കാൻ കഴിയാതിരുന്നതിനാൽ കട്ടിലിൽതന്നെയായിരുന്നു ചിലവഴിച്ചിരുന്നത്. അധികം നാളുകൾ ആശുപത്രിയിലും ചിലവിടേണ്ടതായി വന്നു. തന്റെ ദിവ്യനാഥനെ കാണുവാനുള്ള തയ്യാറെടുപ്പിലായിരുന്നു അച്ചന്റെ ജീവിതം. ശാരീരിക അസ്വസ്ഥതകൾ ഉള്ളപ്പോഴും സംസാരിക്കുവാൻ കഴിയാതെ വിഷമിച്ചപ്പോഴും

അച്ചൻ പ്രകടിപ്പിച്ച ശാന്തത അവിസ്മരണീയമാണ്. ഏറെ സഹനങ്ങൾക്കുശേഷം 2012 ഒക്ടോബർ 18-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 8.30-ന് എറണാകുളം ലിസ്സി ആശുപത്രിയിൽ തന്റെ 71-ാമത്തെ വയസ്സിലാണ് ജീവിത ബലി പൂർത്തിയാക്കിയത്.

ബഹു. മലമേലച്ചൻ 1941 ആഗസ്റ്റ് 18-ാം തീയതി കുര്യൻ-മറിയാമ്മ ദമ്പതികളുടെ എട്ടു മക്കളിൽ മൂന്നാമനായി പാപ്പിനിശ്ശേരിയിൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം എറണാകുളം പെറ്റി സെമിനാരിയിൽ ചേർന്ന അച്ചൻ മംഗലപ്പുഴ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കി. 1967 മാർച്ച് 10-ാം തീയതി കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

അതിരൂപതയിലെ മഞ്ഞപ്ര ഫൊറോന പള്ളിയിൽ സഹവികാരിയായും തുടർന്ന് റ്റി. വി. പുരം, ഉദയംപേരൂർ (new), പെരുമാനൂർ, ഐമുറി, നോർത്ത് പറവൂർ, കച്ചേരിപ്പടി, പെരുമ്പാവൂർ, കുന്നേൽ, വള്ളുവള്ളി, കാർഡിനർ നഗർ, തൃപ്പൂണിത്തുറ, ആനപ്പാറ, എറണാകുളം ബസിലിക്ക, തുറവൂർ നോർത്ത്, ചേന്ദമംഗലം, തുതിയൂർ, കളമശ്ശേരി യൂണിവേഴ്സിറ്റി സെന്റർ എന്നീ ഇടവകകളിൽ വികാരിയായും, കറുകുറ്റി സെന്റ് സേവ്യേഴ്സ് കോളേജിലും ഫിലിപ്പൈൻസിലെ സാൻ പാബ്ലോ കോളേജിലും എറണാകുളം-അങ്കമാലി അതിരൂപതാ മൈനർ സെമിനാരിയിലും പ്രൊഫസറായും സേവനമനുഷ്ഠിച്ചു. 2005 മുതൽ തൃക്കാക്കര വിജോഭവനിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.

എറണാകുളം ലിസ്സി ആശുപത്രിയിൽ മോർച്ചറിയിൽ സൂക്ഷിച്ച അച്ചന്റെ മൃതദേഹം 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 7 മണിക്ക് ആശുപത്രിയിൽനിന്ന് തൃക്കാക്കര വിജോഭവൻ ചാപ്പലിൽ കൊണ്ടുവന്ന് പൊതുദർശനത്തിന് വയ്ക്കുകയും വി.ബലി അർപ്പിക്കുകയും ചെയ്തു. 9.00 മണിക്ക് തോപ്പിലുള്ള അച്ചന്റെ തറവാട്ടിൽ മൃതദേഹം പൊതുദർശനത്തിനുവച്ചു. ഉച്ചകഴിഞ്ഞ് 1.00 മണിക്ക് അച്ചന്റെ മാതൃഇടവകയായ തോപ്പിൽ പള്ളിയിലേക്ക് മൃതദേഹം കൊണ്ടുവന്നു. ബഹു. സാമുവൽ മലമേലച്ചന്റെ മൃതസംസ്കാര കർമ്മങ്ങളോടനുബന്ധിച്ചുള്ള വി. കുർബാന ഉച്ചകഴിഞ്ഞ് 3.00മണിക്ക് മാർ തോമസ് ചക്യത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെയും

ധാരളം വൈദികരുടെയും സഹകാർമ്മികത്വത്തിലുമാണ് അർപ്പിച്ചത്. ധാരാളം സിസ്റ്റേഴ്സും അൽമായസഹോദരങ്ങളും അതിൽ പങ്കുചേർന്നു. ബഹു. മോൺ. വർഗ്ഗീസ് ഞാളിയത്ത് തിരുവചന സന്ദേശം നൽകി. മൃതസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗം മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലാണ് നടത്തിയത്. റോമിലെ സിനഡിൽ സംബന്ധിച്ചുകൊണ്ടിരിക്കുന്ന കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ അനുശോചനാ സന്ദേശം വായിച്ചതിനുശേഷമാണ് വി. കുർബാന ആരംഭിച്ചത്.

ബഹു. സാമുവൽ മലമേൽ അച്ചന്റെ പൗരോഹിത്യശുശ്രൂഷ 45 വർഷക്കാലം നീണ്ടുനിന്നു. ഈ ശുശ്രൂഷ തികഞ്ഞ വിശ്വസ്തതയോടെയും ആത്മാർത്ഥതയോടെയും നിർവ്വഹിച്ചശേഷമാണ് സാമുവലച്ചൻ പിതാവിന്റെ ഭവനത്തിലേക്ക് യാത്രയാകുന്നത്. ഇടവകകളിലും വിദ്യാഭ്യാസരംഗത്തും സേവനംചെയ്ത അച്ചൻ എല്ലായിടത്തും കൃത്യതയും മാന്യതയും മുഖമുദ്രയാക്കി ജീവിച്ചു. നീതിയുക്തമായി മാത്രം ജീവിക്കുവാനും തീരുമാനങ്ങളെടുക്കുവാനും വിട്ടുവീഴ്ചയില്ലാത്ത നിഷ്ക്കർഷ സാമുവലച്ചൻ പുലർത്തിയിരുന്നു. തന്റെ ബലഹീനതകളെക്കുറിച്ചും കഴിവുകളെക്കുറിച്ചും വ്യക്തമായ ബോധ്യമുണ്ടായിരുന്നതിനാൽ അച്ചന്റെ സേവനരംഗങ്ങൾ തനതായ പ്രവർത്തനശൈലികൊണ്ട് വ്യതിരിക്തത പുലർത്തി. സഭയോടും സഭാധികരികളോടും ചേർന്ന് പ്രവർത്തിക്കുവാൻ പ്രവർത്തിക്കുവാൻ അച്ചൻ എന്നും ശ്രദ്ധിച്ചീട്ടുണ്ട്. തന്നെ ഭരമേൽപിച്ചിരുന്ന ദൈവജനത്തെ വിശ്വസ്തതാപൂർവ്വം ശുശ്രൂഷിക്കുന്നതിൽ അച്ചൻ ഏവർക്കും മാതൃകയാണ്. ലളിത ജീവിതം നയിച്ചിരുന്ന സാമുവലച്ചൻ മറ്റുള്ളവരുടെ ആവശ്യങ്ങളിൽ കഴിയുന്ന വിധത്തിലെല്ലാം അവരെ സഹായിച്ചിരുന്നു. എല്ലാം കൃത്യതയോടെയും ആത്മാർത്ഥമായും നിർവ്വഹിച്ചുകൊണ്ട് ജീവിച്ച അച്ചന് നീതിമാനായ പിതാവ് സ്വർഗ്ഗത്തിന്റെ കവാടങ്ങൾ തുറന്നുകൊടുത്തു എന്ന് ന്യായമായും നമുക്ക് വിശ്വസിക്കാം.

തന്റെ ജീവിതമാതൃകയിലൂടെ പൗരോഹിത്യ ശുശ്രൂഷയുടെ തനതായ ശൈലി നമുക്കായി കാണിച്ചുതന്ന സാമുവലച്ചന്റെ ദീപ്തമായ ഓർമ്മകൾ എന്നും നമ്മിൽ നിറഞ്ഞുനില്ക്കട്ടെ. ഈ അതിരൂപതയ്ക്കും സഭയ്ക്കും സമൂഹത്തിനും അച്ചനിലൂടെ ലഭിച്ച

ദൈവകൃപകളോർത്ത് ആ ധന്യജീവിതത്തിനുമുമ്പിൽ ആദരപൂർവ്വം നിന്ന് ദൈവത്തിന് കൃതജ്ഞതയേകാം. അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട് നിത്യതയുടെ ഭവനത്തിൽ നമുക്ക് ഒന്നിക്കാം എന്നുള്ള യാത്രാമൊഴിയോടെ എറണാകുളം-അങ്കമാലി അതിരൂപത അച്ചനെ പിതൃഭവനത്തിലേക്ക് കൃതജ്ഞതാപൂർവ്വം യാത്രയാക്കുന്നു.

# നിര്യാതരായി

**സി. ജോർജിയ സി.എസ്.എൻ.**

(മറിയക്കുട്ടി പന്തയ്ക്കൽ, വണ്ടമറ്റം, കോതമംഗലം)

ജനനം: 04/03/1938

ആദ്യവ്രതം: 25/03/1957

മരണം: 27/09/2012

**സി. സബീന എസ്.എ.ബി.എസ്.**

(മറിയക്കുട്ടി മുടവംകുന്നേൽ, ആയവന)

ശാന്തി ഭവൻ അഡോറേഷൻ കോൺവെന്റ്, പൊതി

ജനനം: 4/06/1928

ആദ്യവ്രതം: 12/04/1956

മരണം: 15/10/2012

**സി. സെലസ്റ്റീന എസ്.എ.ബി.എസ്.**

(സൂസ പോട്ടോക്കാരൻ എലിഞ്ഞപ്ര)

സെന്റ് തോമസ് അഡോറേഷൻ കോൺവെന്റ്, കൊരട്ടി

ജനനം: 11/10/1934

ആദ്യവ്രതം: 13/04/1957

മരണം: 11/10/2012

**സി. ക്ലാവുദിയ എസ്.എ.ബി.എസ്.**

(മേരി അക്കര ഒല്ലൂർ)

സെന്റ് അഗസ്റ്റിൻ അഡോറേഷൻ കോൺവെന്റ്, എറണാകുളം

ജനനം: 23/03/1928

ആദ്യവ്രതം: 26/04/1958

മരണം: 30/08/2012

**സി. (ഡോ.) ഐദ സി.എം.സി.**
ആവില കോൺവെന്റ്, കണ്ടനാട്
ജനനം: 29/06/1937
ആദ്യവ്രതം: 01/05/1961
മരണം: 13/10/2012

**സി. ബെനീഞ്ഞ സി.എം.സി.**
സെന്റ് ട്രീസാസ് കോൺവെന്റ്, കൂനമ്മാവ്
ജനനം: 25/10/1912
ആദ്യവ്രതം: 21/02/1933
മരണം: 23/08/2012

---


## വരിസംഖ്യ

**ജനുവരി മുതൽ**

**എറണാകുളം മിസ്സം** ലഭിക്കുന്നതിന്

**ഡിസംബർ 10**-നു മുമ്പായി **125 രൂപ** അടയ്ക്കുക.

കുടിശിക അറിയുന്നതിന് വിളിക്കുക: **0484-2363664**

വരിസംഖ്യ മണിയോഡറായി അയയ്ക്കുന്നവർ രസീത് ലഭിക്കുന്നതിന് **അഞ്ച് രൂപ** കൂടുതൽ നൽകണം. മണിയോഡർ ഫോമിൽ സന്ദേശം എഴുതുവാനുള്ളിടത്ത് അഡ്രസ്സും, **സബ്സ്ക്രിപ്ഷൻ കോഡ് നമ്പരും** നിർബന്ധമായും എഴുതേണ്ടതാണ്.

പോസ്റ്റൽ തകരാറുമൂലം മിസം ലഭിക്കാത്തവർ അതിരൂപത വെബ്സൈറ്റിൽനിന്ന് സൗജന്യമായി മിസം ഡൗൺലോഡ് ചെയ്യാവുന്നതാണ്. അഡ്രസ്: www.ernakulamarchdiocese.org

# അതിരൂപത ഡയറി

**സെപ്റ്റംബർ 2012**

19 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ലിവിംഗ് ടുഗെദറിൽ പങ്കെടുത്തു. മോൺസിഞ്ഞോർ പദവിയിലേക്കു ഉയർത്തപ്പെട്ട മോൺ. സെബാസ്റ്റ്യൻ വടക്കുംപാടൻ, മോൺ. ആന്റണി പുന്നശ്ശേരി, മോൺ. വർഗ്ഗീസ് ഞാളിയത്ത് എന്നിവർക്കായി വൈകിട്ട് അതിരൂപതാകേന്ദ്രത്തിൽ ഒരുക്കിയ സ്വീകരണത്തിൽ പങ്കെടുത്തു.

20 രാവിലെ അതിരൂപതാകേന്ദ്രത്തിൽ നടന്ന പ്രസ്ബിറ്ററിയത്തിലും ഉച്ചകഴിഞ്ഞ് നടന്ന ഫോർമേഷൻ കൗൺസിൽ മീറ്റിംഗിലും സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് സംബന്ധിച്ചു.

22 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ കൊരട്ടി ഫൊറോന പള്ളിയിൽ കുർബാനയർപ്പിച്ചു. ഉച്ചയ്ക്കുശേഷം ചേർത്തല, പള്ളിപ്പുറം എന്നീ ഫൊറോന കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച ദമ്പതീസംഗമത്തിലും പങ്കെടുത്തു.

24 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് എറണാകുളം കണ്ണങ്കുന്നത്ത് ആശ്രമത്തിൽ ബൈബിൾ ക്ലാസെടുത്തു.

25 എറണാകുളം വൈ.എം.സി.എ. ഹാളിൽ സംഘടിപ്പിച്ച എക്യുമെനിക്കൽ ക്ലേർജി കോൺഫറൻസിൽ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പ്രഭാഷണം നടത്തി.

27 പാറപ്പുറം ഐശ്വര്യഗ്രാമിൽ നടന്ന എസ്.എ.എഫ്. പി. ഇന്ത്യ മീറ്റിംഗിൽ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പങ്കെടുത്തു.

28 മെത്രാന്മാരുടെ സിനഡിൽ പങ്കെടുക്കുന്നതിനായി ജോർജ്ജ് ആലഞ്ചേരി പിതാവ് റോമിലേക്ക് പോയി.

കലൂർ റിന്യൂവൽ സെന്ററിൽ നടന്ന അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ മാനേജർമാരുടെ യോഗത്തിൽ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് സംബന്ധിച്ചു. മൂക്കന്നൂർ എം.എ.ജി.ജെ. ആശുപത്രിയോടു ചേർന്ന് സംഘടിപ്പിച്ചിരിക്കുന്ന സഹൃദയ ചാരിറ്റബിൾ സൊസൈറ്റിയുടെ ഉദ്ഘാടനം പിതാവ് നടത്തി.

29 കിഴക്കുംമുറി ഇടവകാംഗം പരേതനായ ബഹു. തോമസ് മറ്റം അച്ചന്റെ വന്ദ്യ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കാർമ്മികത്വം വഹിച്ചു. ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ മൂഴിക്കുളം ഫൊറോന പള്ളിയിൽ സംഘടിപ്പിച്ച അഖണ്ഡ ജപമാല സമാപന ശുശ്രൂഷയിൽ പിതാവ് സംബന്ധിച്ചു.

30 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ സെഹിയോൻപുരം ഇടവകദേവാലയത്തിൽ കുർബാനയർപ്പിച്ചു. എറണാകുളം പാപ്പാളി ഹാളിൽ സംഘടിപ്പിച്ച വയോജന സംഗമം പിതാവ് ഉദ്ഘാടനം ചെയ്തു.

**ഒക്ടോബർ 2012**

1 തൃക്കാക്കര വിജോഭവനിൽ രാവിലെ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കുർബാനയർപ്പിച്ചു. പാല രൂപത പുതിയ സഹായമെത്രാൻ ജേക്കബ് മുരിക്കന്റെ മെത്രാഭിഷേക ശുശ്രൂഷയിൽ പിതാവ് പങ്കെടുത്തു.

2 ചുണങ്ങംവേലി എസ്.ഡി. മഠത്തിൽ അർത്ഥിനികളുടെ സഭാവസ്ത്രസ്വീകരണ ചടങ്ങുകൾക്ക് സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു.

3 എറണാകുളം സി.എസ്.എൻ. കോൺവെന്റിൽ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കുർബാനയർപ്പിച്ചു.

4 അതിരൂപതാകേന്ദ്രത്തിൽ നടന്ന ട്രാൻസ്ഫർ കമ്മിറ്റിയോഗത്തിൽ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് സംബന്ധിച്ചു. എളംകുളം പള്ളി തിരുനാളിനോടനുബന്ധിച്ചുനടന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ പിതാവ് സംബന്ധിച്ചു.

5 പാറപ്പുറം ഐശ്വര്യഗ്രാമിൽ നടന്ന എസ്.എ.എഫ്.പി. ഇന്ത്യ മീറ്റിംഗിൽ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പങ്കെടുത്തു.

6 വല്ലം, കാഞ്ഞൂർ ഫൊറോനകളിൽ സംഘടിപ്പിച്ച ജൂബിലേറിയൻ ദമ്പതീകൂട്ടായ്മയിൽ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് സംബന്ധിച്ചു. വൈകിട്ട് നെടുവന്നൂർ പള്ളിയിൽ പിതാവ് കുർബാനയർപ്പിച്ചു.

7 കോട്ടപ്പുറം രൂപതയുടെ രജത ജൂബിലിയാഘോഷ പരിപാടികളിൽ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പങ്കെടുത്തു.


8 അങ്കമാലി സി.എസ്.റ്റി. ജനറലേറ്റ് സന്ദർശിച്ച സെബാസ്റ്റ്യൻ പിതാവ് ബ്രദേഴ്സുമായി കൂടിക്കാഴ്ച നടത്തി.

9 വളമംഗലം ഇടവക ദേവാലയത്തിൽ ബഹു. തോമസ് മേലേത്തച്ചന്റെ 25-ാം ചരമവാർഷികം പ്രമാണിച്ച് സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കുർബാനയർപ്പിച്ചു.

11 തുറവൂർ ഇടവകാംഗം ബഹു. ജോസഫ് ഭരണികുളങ്ങരയച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പങ്കെടുത്തു.

13 കലൂർ റിന്യൂവൽ സെന്ററിൽ നടന്ന പാസ്റ്റൽ കൗൺസിൽ യോഗത്തിൽ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് നേതൃത്വം നൽകി. വൈകിട്ട് പിതാവ് ബാംഗ്ലൂർക്ക് പോയി.

## വത്തിക്കാനിലെ സിനഡിൽ







## റോമിലെ സ്ഥാനിക ദേവാലയത്തിൽ







| Registered |
RNI No. 3421

No. KL/EKM/477/2012-2014
Annual Subscription Rs. 125
Per Copy Rs. 10

എറണാകുളം-അങ്കമാലി അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM

പീലാത്തോസ് ചോദിച്ചു:
അപ്പോൾ നീ രാജാവാണ് അല്ലേ?
യേശു പ്രതിവചിച്ചു:
നീതന്നെ പറയുന്നു,
ഞാൻ രാജാവാണെന്ന്.
ഇതിനുണ്ടേിയാണ് ഞാൻ ജനിച്ചത്.
ഇതിനുവേണ്ടിയാണ് ഞാൻ
ഈ ലോകത്തിലേക്കു വന്നതും -
സത്യത്തിനു സാക്ഷ്യം നൽകാൻ.
സത്യത്തിൽനിന്നുള്ളവൻ
എന്റെ സ്വരം കേൾക്കുന്നു.

യോഹ. 18.37

Printed and Published by
Fr. Justine Puthussery on behalf of the Ernakulam Archdiocesan Publication Trust,
Viani Buildings, No. XXIX/1524, Kochi 682 018 and
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682 018 and
Published from Viani Buildings, Lisie Hospital Road, Ernakulam, Kochi 682 018.
Editor: Rev. Dr. Varghese Pottackal